I.ഇ.ബി. XIIകേരള നിയമസഭ/XII-3

**പന്ത്രണ്ടാം കേരള നിയമസഭ**

പന്ത്രണ്ടാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2009 സെപ്റ്റംബർ 10, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അനുശോചനം**

വാഹനാപകടം

മി. സ്പീക്കർ: 2009 സെപ്റ്റംബർ 9-ാം തീയതി ആലപ്പുഴ ജില്ലയിലെ ചാരമൂട് ആറ്റുവ വിവേകാനന്ദ സ്ക്കൂളിലെ മൂന്ന് പിഞ്ചു വിദ്യാർത്ഥിനികൾ സ്ക്കൂൾ വിട്ട് വീട്ടിലേയ്ക്ക് മടങ്ങവെ അതിവേഗത്തിൽ വന്ന ടിപ്പർ ലോറിയിടിച്ച് മരിക്കുകയും ഒരു കുട്ടിക്ക് ഗുരുതരമായി പരിക്കേൽക്കുകയുമുണ്ടായി. ഇരിട്ടിയിൽ ഇതിന് സമാനമായ സംഭവമുണ്ടായ കാര്യവും ചെയർ സ്മരിക്കുകയാണ്. മരണമടഞ്ഞ കുഞ്ഞുങ്ങളുടെ വേർപാടിൽ സഭ ദു:ഖവും അനുശോചനവും രേഖപ്പെടുത്തുന്നു. മേലിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(മരണമടഞ്ഞ കുഞ്ഞുങ്ങളോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പ സമയം എഴുന്നേറ്റ് നിന്ന് മൗനം ആചരിച്ചു)

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻചാണ്ടി): ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ടിപ്പർ ലോറികളിൽ സ്പീഡ് ബ്രേക്കർ വയ്ക്കുന്നതിന് ഗവൺമെന്റ് കർശന നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): അപകടത്തിൽപ്പെട്ട് ആശുപത്രിയിൽ കഴിയുന്ന കുട്ടിക്ക് മെച്ചപ്പെട്ട ചികിത്സ കിട്ടാനുള്ള എല്ലാ സൗകര്യങ്ങളും ചെയ്തിട്ടുണ്ട്. കുട്ടികൾ സ്ക്കൂളിൽ പോകുന്ന സമയത്തും സ്ക്കൂൾ വിട്ട് തിരിച്ചുപോകുന്ന സമയത്തും ടിപ്പർ ലോറികൾ ഓടിക്കാൻ പാടില്ലെന്ന തീരുമാനമെടുത്തിരുന്നുവെങ്കിലും പ്രാവർത്തികമായിട്ടില്ല. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ശക്തമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്

**ശ്രദ്ധക്ഷണിക്കൽ**

(1) ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാൻ നടപടി

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകളിലെ ഒഴിവുകൾ യഥാസമയം പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കണം. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ അതിരൂക്ഷമായ സംസ്ഥാനത്ത് പി.എസ്.സി.യുടെ മന്ദഗതിയിലുള്ള പ്രവർത്തനം തികച്ചും നിരാശാജനകമാണ്. റിട്ടയർ ചെയ്യുന്ന തീയതി ഏകീകരിച്ചതുമൂലം പതിവ് നിയമനങ്ങളൊന്നും നടക്കുന്നില്ല. വർഷങ്ങൾക്ക് മുൻപുതന്നെ

പി.എസ്.സി-ക്ക് വിട്ടുകൊടുത്ത പല പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങളും നിയമനചട്ടങ്ങൾ ഉണ്ടാക്കാത്തതുമൂലം നടക്കുന്നില്ല. വിവിധ തസ്തികകളിലേയ്ക്ക് പി.എസ്.സി.യിൽ കെട്ടിക്കിടക്കുന്ന അപേക്ഷകളിൻമേൽ യഥാസമയം പരീക്ഷ നടത്തി റാങ്കുലിസ്റ്റുകൾ പ്രസിദ്ധീകരിച്ച് നിയമനം നടത്തി പിൻവാതിൽ നിയമനവും താൽക്കാലിക നിയമനവും അവസാനിപ്പിക്കണം. വർഷംതോറും പുതിയ നിയമനങ്ങൾ കുറഞ്ഞുകുറഞ്ഞ് വരുന്നു. പി.എസ്.സി ഓഫീസിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുകയും കമ്പ്യൂട്ടറൈസേഷൻ നടപടികൾ പൂർത്തിയാക്കുകയും ചെയ്യണം. പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്ന് 50 ശതമാനം പേരെയെങ്കിലും റിക്രൂട്ട് ചെയ്യുന്നതുവരെ ലിസ്റ്റിന്റെ കാലാവധി നീട്ടാനും പ്രതീക്ഷിക്കാവുന്ന ഒഴിവുകൾക്ക് അഡ്വാൻസ് റിക്രൂട്ട്മെന്റ് കർശനമായി നടപ്പാക്കാനും സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിക്കുന്ന തിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ് അച്ചുതാനന്ദൻ) : വിവിധ വകുപ്പുകളി ലേയും പൊതുമേഖലാസ്ഥാപനങ്ങളിലേയും ഒഴിവുകൾ യഥാസമയം പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുന്നില്ലെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടതിനെ ത്തുടർന്ന് നിലവിലുള്ള എല്ലാ സ്ഥിരം ഒഴിവുകളും സമയബന്ധിതമായി പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യണമെന്നും കൂടാതെ ഓരോ വർഷവും ഉണ്ടാകാൻ സാദ്ധ്യതയുള്ള ഒഴിവുകൾ മുൻകൂട്ടി കണക്കാക്കി അതാത് വർഷം ജൂൺ മാസം 30-ാം തീയതിക്ക് മുൻപായി പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യണമെന്നും സർക്കാർ ബന്ധപ്പെട്ട നിയമനാധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വിവിധ വകുപ്പുകളിൽ *നിന്ന്* പി.എസ്.സി-യിലേയ്ക്ക്

റിപ്പോർട്ട് ചെയ്ത ഒഴിവുകളെ സംബന്ധിച്ചും അപ്രകാരം റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ എത്ര ഉദ്യോഗാർത്ഥികളെ അഡ്വൈസ് ചെയ്തു എന്നതിനെ സംബന്ധിച്ചും എല്ലാ മാസവും ചീഫ് സെക്രട്ടറി വിളിച്ചു ചേർക്കുന്ന സെക്രട്ടറിമാരുടെ യോഗത്തിൽ അവലോകനം ചെയ്യാറുണ്ട്. ഇത്തരം നിർദ്ദേശങ്ങളുടെ ഫലമായി 18-5-2006 മുതൽ 31-07-2009-വരെ 95,711 ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 1-1-2009 മുതൽ 31-07-2009-വരെ 17,166 ഉദ്യോഗാർത്ഥികൾക്ക് നിയമന ശുപാർശ ചെയ്തിട്ടുണ്ട്. നിയമനാധികാരികൾ ഒഴിവുകൾ എഴുതി അറിയിക്കുന്ന തസ്തികകളിലേയ്ക്ക് റാങ്ക് ലിസ്റ്റ് നിലവിലുണ്ടെങ്കിൽ താമസംവിനാ നിയമന ശുപാർശ നൽകുകയും അല്ലാത്തപക്ഷം മേൽപ്പടി തസ്തികകളിലേയ്ക്ക് വിജ്ഞാപനം പ്രസിദ്ധീകരിച്ച് റാങ്ക് ലിസ്റ്റ് നിലവിൽ വരുന്ന മുറയ്ക്ക് നിയമന ശുപാർശ നൽകുകയുമാണ് പി.എസ്.സി. ചെയ്തുവരുന്നത്.

(2) ഇ.പി.എഫ് പെൻഷൻ പദ്ധതിയിലെ ആനുകൂല്യങ്ങൾ

ശ്രീ. എ.എ. അസീസ് : 1952-ൽ നടപ്പാക്കിയ എംപ്ളോയീസ് പ്രോവിഡന്റ് ഫണ്ട് പദ്ധതിയിൽ 1995-ഡിസംബർ മാസത്തിൽ വാർദ്ധക്യകാല പെൻഷൻ പദ്ധതികൂടി ഉൾപ്പെടുത്തി. ഇതുപ്രകാരം 58 വയസ്സ് പൂർത്തിയാകുന്നവർക്കും അനാരോഗ്യംമൂലം പിരിയുന്ന 50 വയസ്സിനുമേൽ പ്രായമുള്ളവർക്കും പെൻഷൻ ലഭിക്കുമായിരുന്നു. മാത്രമല്ല മൂന്നിലൊരു ഭാഗം കമ്മ്യൂട്ട് ചെയ്ത് അഡ്വാൻസ് തുക എടുക്കാനുള്ള സൗകര്യവുമുണ്ടായിരുന്നു. എന്നാൽ അത് എടുത്ത് കളഞ്ഞ് തൊഴിലാളികളെ ദ്രോഹിക്കുന്ന നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. ഇ.പി.എഫ് പെൻഷൻ പദ്ധതിയിലെ കമ്മ്യൂട്ടഷൻ, ഫാമിലി ഡെത്ത് ഫണ്ട് ബെനിഫിറ്റ് ഇവയൊക്കെ പുന:സ്ഥാപിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ) : ഇ.പി.എഫ് പെൻഷൻ കമ്മ്യൂട്ടേഷൻ പുന:സ്ഥാപിക്കണമെന്നും അനന്തരാവകാശികൾക്ക് കിട്ടുന്ന ക്യാപിറ്റൽ തുക ലഭിക്കുന്നതിനുള്ള അവകാശം പുന:സ്ഥാപിക്കണമെന്നും സംസ്ഥാനഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ ദിവസം കൂടിയ എം.പി.മാരുടെ യോഗത്തിലും ഈ പ്രശ്നത്തിൻമേൽ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ് ഈ വിഷയം ഗൗരവമായി കണക്കിലെടുത്ത് കേന്ദ്ര ഗവൺമെന്റിൽ വീണ്ടും സമ്മർദ്ദം ചെലുത്തുന്നതാണ്.

**ക്രമപ്രശ്നം**

ചോദ്യങ്ങൾക്കുള്ള മറുപടി

ശ്രീ. കെ.എം. മാണി : നിയമസഭയിൽ മെമ്പർമാർ ചോദിക്കുന്ന പല ചോദ്യങ്ങൾക്കും യഥാസമയം മറുപടി കിട്ടാറില്ലെന്നു മാത്രമല്ല മിക്ക ചോദ്യങ്ങൾക്കും മറുപടിയായി ലഭിക്കുന്നത് "വിവരം ശേഖരിച്ചു വരുന്നു" എന്നാണ്. ലാവലിൻ കേസുമായി ബന്ധപ്പെട്ട് എ.ജി-യുടെ ഉപദേശത്തിന്റെ പകർപ്പും ഗവർണ്ണറുടെ ഉത്തരവിന്റെ പകർപ്പും 22.06-2009-ൽ ഞാൻ ചോദിച്ചിരുന്നതാണ്. അതിന് മറുപടി ലഭിക്കാൻ മൂന്ന് മാസത്തെ സമയമെടുത്തു. എന്നാൽ അതേ ചോദ്യം 16-6-2009-ൽ സി.പി.എം സ്റ്റേറ്റ് ജനറൽ സെക്രട്ടറി ശ്രീ. പിണറായി വിജയൻ ചോദിച്ചതിന് വിവരാവകാശ നിയമമനുസരിച്ച് മൂന്ന് ദിവസത്തിനുള്ളിൽ മറുപടി കിട്ടി. നിയമസഭാംഗം ചോദിച്ച ചോദ്യത്തിന് മറുപടി ലഭിക്കാൻ മുന്ന് മാസത്തെ സമയമെടുക്കുകയും അതേ ചോദ്യം വിവരാവകാശ നിയമ പ്രകാരം

ചോദിച്ചപ്പോൾ മൂന്ന് ദിവസംകൊണ്ട് മറുപടി ലഭിക്കുകയും ചെയ്തു. ഇത് നിയമസഭയോടുള്ള അവഹേളനമാണ്. ഇത്തരത്തിൽ കാലതാമസം വരുത്തിയത് ഓർഡറിലാണോ എന്ന് ചെയർ റൂളിംഗ് നൽകണം.

**റൂളിംഗ്**

<u>മി. സ്പീക്കർ</u>: നിയമസഭാ ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭിക്കുന്നില്ല എന്ന പ്രശ്നം ഈ സഭയിൽത്തന്നെ നിരവധി പ്രാവശ്യം ചർച്ച ചെയ്തിട്ടുള്ളതാണ്. ഇതുസംബന്ധിച്ച് ചെയർ റൂളിംഗ് നൽകിയിട്ടും അത് ഫലപ്രദമായി പാലിക്കപ്പെടുന്നില്ല. നിയമസഭയിൽ ഉത്തരം ലഭിക്കാത്ത പല ചോദ്യങ്ങൾക്കും വിവരാവകാശ നിയമപ്രകാരം ഉത്തരം ലഭിക്കുന്ന സ്ഥിതി വിശേഷം നിലനിൽക്കുന്നു. നിയമസഭയിൽ ചോദിക്കുന്ന ചോദ്യങ്ങൾക്ക് യഥാസമയം മറുപടി നൽകാൻ ബന്ധപ്പെട്ട മന്ത്രിമാർ ശ്രദ്ധിക്കണം. നിയമസഭാ നടപടികൾ പരിഷ്ക്കരിക്കുന്നതു സംബന്ധിച്ച സമിതിയും ഇക്കാര്യം പരിശോധിക്കണം.

**സബ്മിഷൻ**

(1) <u>പി.എസ്.സി. അപേക്ഷകൾ നിരസിച്ചത് സംബന്ധിച്ച്</u>

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: എൽ.പി.സ്കൂൾ അദ്ധ്യാപക തസ്തികയിലേയ്ക്ക് സമയപരിധി കഴിഞ്ഞതുമൂലം നിരസിക്കപ്പെട്ട അപേക്ഷകൾ സ്വീകരിക്കുവാനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണം.

മുഖ്യമന്ത്രി <u>(ശ്രീ. വി.എസ്. അച്ചുതാനന്ദൻ):</u> മലപ്പുറം ജില്ലയിൽ എൽ.പി.സ്കൂൾ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് നിശ്ചിത തീയതിക്കകം ലഭിച്ച 13,373 അപേക്ഷകൾ സ്വീകരിക്കുകയും വൈകിക്കിട്ടിയ 408 അപേക്ഷകൾ നിരസിക്കുകയും ചെയ്തിട്ടുണ്ട്. അവസാന തീയതിക്കുശേഷം ലഭിച്ച അപേക്ഷകൾ നിലവിലെ ചട്ടപ്രകാരം സ്വീകരിക്കാൻ നിർവ്വാഹമില്ല.

(2) <u>കൈവശരേഖ ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത</u>

<u>ശ്രീ. എം. ഹംസ</u>: ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ലക്കിടി അകലൂർ പ്രദേശത്ത് മിച്ചഭൂമി കൈമാറ്റം ചെയ്യുന്നതിനുവേണ്ടി ഒറ്റപ്പാലം ലാന്റ് ബോർഡ് എടുത്ത തീരുമാനം 15-04-2002-ലെ ഉത്തരവു പ്രകാരം തടഞ്ഞു വച്ചിരിക്കുകയാണ്. അർഹതപ്പെട്ടവർക്ക് കൈവശരേഖയും മിച്ച ഭൂമിയും വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (<u>ശ്രീ. കെ.പി. രാജേന്ദ്രൻ</u>): ഒറ്റപ്പാലം താലൂക്ക് ലാന്റ് ബോർഡിന്റെ 07-03-2008-ലെ ഉത്തരവ് പ്രകാരം 3.4 ഏക്കർ സ്ഥലം ഏറ്റെടുക്കാൻ തീരുമാനിക്കുകയും വിവിധ സർവ്വേ നമ്പറുകളിലായി 2.32 ഏക്കർ സ്ഥലം ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന ഭൂമി കൂടി ഏറ്റെടുത്തതിനുശേഷം അവകാശ ഹർജിക്കാരായ 22 പേർക്ക് വിട്ടുകൊടുക്കുന്നതിന് ഒറ്റപ്പാലം തഹസീൽദാർക്ക് താലൂക്ക് ലാന്റ് ബോർഡ് നൽകിയ ഉത്തരവ് സ്റ്റേറ്റ് ലാന്റ് ബോർഡ് അംഗീകരിച്ചിട്ടുണ്ട്.

(3) <u>ഏലിക്കുട്ടിയുടെ കുടുംബത്തിന് ധനസഹായം</u>

<u>ശ്രീ. കെ.സി. ജോസഫ്</u>: ഇരിക്കൂറിലെ ഉളിക്കൽ പേരട്ട എന്ന സ്ഥലത്ത് സ്വന്തം പുരയിടത്തിൽ പുല്ലരിഞ്ഞുകൊണ്ടിരിക്കുമ്പോൾ ഏലിക്കുട്ടി എന്ന സ്ത്രീ അനധികൃത സ്റ്റോൺ ക്രഷറിലെ കരിങ്കൽ ചീള് തലയിൽ കുത്തിക്കയറി മരണപ്പെടുകയുണ്ടായി. ഈ ക്വാറിക്ക് ലൈസൻസ് കൊടുത്ത തിനെക്കുറിച്ച് അന്വേഷണം നടത്തണം. ക്വാറിയുടെ ലൈസൻസ് റദ്ദ് ചെയ്യാനും മരിച്ച സ്ത്രീയുടെ കുടുംബത്തിന് നഷ്ടപരിഹാരം നൽകാനും നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): തളിപ്പറമ്പ് താലൂക്കിൽ പൈത്തൂർ വില്ലേജിൽ നാഷണൽ ഗ്രാനൈറ്റ് എന്ന സ്ഥാപനത്തിൽ 31-08-2009-ന് രാവിലെ 12 മണിക്ക് സ്ഫോടക വസ്തു ഉപയോഗിച്ച് കരിങ്കൽ ഖനനം നടക്കുമ്പോൾ കരിങ്കൽ ചീള് തെറിച്ചു ചെന്ന് തലയിൽ കുത്തിക്കയറിയതിനെത്തുടർന്ന് ഏലിക്കുട്ടി എന്ന സ്ത്രീ മരിക്കാനിടയായ സംഭവത്തിൽ വില്ലേജാഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ക്വാറി യുടെ പ്രവർത്തനം താൽക്കാലികമായി നിർത്തിവയ്ക്കാൻ ഉത്തരവായിട്ടുണ്ട്. ഈ സംഭവവുമായി ബന്ധപ്പെട്ട് ഉളിക്കൽ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ട്. ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ദേശീയ കുടുംബ ക്ഷേമ പദ്ധതിയിൽനിന്നും പരമാവധി ധനസഹായം ഏലിക്കുട്ടിയുടെ കുടും ബത്തിന് ലഭ്യമാക്കാനുമുള്ള നടപടി സ്വീകരിക്കുന്നതാണ്. അനധികൃത കരിങ്കൽ ക്വാറികളുടെ പ്രവർത്തനം പരിശോധിക്കുന്നതിന് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ സ്പെഷ്യൽ ടീമിനെ നിയോഗിച്ചിട്ടുണ്ട്..

### (4) കാർഷിക സ്പെഷ്യൽ പാക്കേജിൽ കാസർഗോഡ് ജില്ലയെ ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. സി.ടി. അഹമ്മദ് അലി: വരൾച്ചയും കാലവർഷക്കെടുതിയും മഹാളി രോഗവുംമൂലം അടയ്ക്കാ കൃഷി നശിച്ചുപോയ കാസർഗോഡ് ജില്ലയിലെ അടയ്ക്കാ കർഷകർ വളരെയേറെ പ്രതിസന്ധി നേരിടുകയാണ്. ഈ കർഷകരെ രക്ഷിക്കാൻ കാസർഗോസ് ജില്ലയെക്കൂടി കാർഷിക സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): കേന്ദ്ര ഗവൺമെന്റ് അനുവദിച്ച വിദർഭ മോഡൽ പാക്കേജിൽ കാസർഗോഡ് ജില്ലയും

ഉൾപ്പെടുന്നു. ഇതുപ്രകാരം 1741 ഗുണഭോക്താക്കൾക്ക് 50 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്. കർഷകരുടെ വായ്പാപലിശ എഴുതിത്തള്ളാൻ 48.93 കോടി രൂപ അനുവദിക്കുകയും 4.351 കോടി രൂപയുടെ 16 ചെറുകിട ജലസേചന പദ്ധതികൾക്ക് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ കവുങ്ങ് കൃഷി നേരിടുന്ന പ്രതിസന്ധിയെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് ഒരു ഉന്നതതല യോഗം വിളിച്ചുചേർക്കാനും ഈ ജില്ലയെ കാർഷിക സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്താൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്താനും നടപടികൾ സ്വീകരിക്കുന്നതാണ്.

(5) പത്തനാപുരം മെയിന്റനൻസ് സെക്ഷൻ ഓഫീസ്

ശ്രീ. കെ. ബി. ഗണേഷ് കുമാർ : ഇളമ്പലും പത്തനാപുരത്തുമുള്ള വാട്ടർ അതോറിറ്റിയുടെ മെയിന്റനൻസ് സെക്ഷൻ ഓഫീസുകൾ നിർത്തലാക്കിയതിനാൽ ഇപ്പോൾ കോട്ടയം ഓഫീസുമായി ബന്ധപ്പെട്ടാണ് പത്തനാപുരം നിയോജകമണ്ഡലത്തിലെ കുടിവെള്ളപ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നത്. ആയതിനാൽ നിർത്തലാക്കിയ പത്തനാപുരം മെയിന്റനൻസ് സെക്ഷൻ ഓഫീസ് അടിയന്തിരമായി പുന:സ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) : പത്തനാപുരം നിയോജകമണ്ഡലത്തിലെ കുടിവെള്ളപ്രശ്നം ഗവൺമെന്റ് ഗൗരവമായി പരിശോധിക്കുന്നതാണ്. പ്രോജക്ട് ഡിവിഷൻ, മെയിന്റനൻസ് ഡിവിഷൻ വിഭജനം ജല അതോറിറ്റിയിൽ വന്നതിന്റെ ചില പ്രശ്നങ്ങളാണ് പത്തനാപുരത്ത് വന്നിട്ടുള്ളത്. ഈ പ്രശ്നം പരിശോധിച്ച് പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട എം. എൽ. എ. യുടെ

സാന്നിദ്ധ്യത്തിൽ വരുന്ന 15-ാം തീയതി രാവിലെ 11.30-ന് ഇതുസംബന്ധിച്ച് ചർച്ച നടത്തുന്നതാണ്.

(6) ബി.പി.എൽ.ലിസ്റ്റ്

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: അദ്ധ്യാപകർ നടത്തിയ സർവ്വേ യുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ബി. പി. എൽ. ലിസ്റ്റ് അടിയന്തിര മായി പ്രസിദ്ധീകരിക്കുകയും ഏതെല്ലാം ആവശ്യങ്ങൾക്ക് ഈ റേഷൻ കാർഡ് ഉപയോഗിക്കാമെന്ന് വ്യക്തതയുണ്ടാക്കുകയും ചെയ്യണം. ഉപഭോ ക്താക്കൾക്ക് പരാതി നൽകാൻ ഒരു നിശ്ചിതസമയം അനുവദിക്കാൻ നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി): ഗ്രാമസഭകളിൽ അംഗീകരിച്ച ബി. പി. എൽ. ലിസ്റ്റിൽ അനർഹരെ ഉൾപ്പെടുത്തിയതായും അർഹരെ ഒഴിവാക്കിയതായും വ്യാപകമായ പരാതി ഉണ്ടായ സാഹചര്യത്തിൽ സ്കൂൾ അദ്ധ്യാപകരെ ഉപയോഗിച്ച് 86.23 ലക്ഷം കുടുംബങ്ങളിൽ നടത്തിയ സർവ്വേ പൂർത്തിയാ യിട്ടുണ്ട്. ഒക്ടോബർ മാസത്തോടുകൂടി ബി. പി. എൽ. ലിസ്റ്റിന് അന്തിമരൂപം നൽകാൻ കഴിയും.

(7) ചൂണ്ടൽ-കുറ്റിപ്പുറം കെ. എസ്. ടി. പി. റോഡ്

ശ്രീ. ബാബു എം. പാലിശ്ശേരി കുന്നംകുളം നിയോജകമണ്ഡല ത്തിലെ ചൂണ്ടൽ-കുറ്റിപ്പുറം കെ. എസ്. ടി. പി. റോഡ് നിർദ്ദിഷ്ടമായ രീതി യിൽ പണി പൂർത്തീകരിച്ച് ഗതാഗതയോഗ്യമാക്കാൻ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): കെ.എസ്.ടി.പി.-4-ലെ പാലക്കാട്-ഷൊർണ്ണൂർ-തൃശ്ശൂർ-കുറ്റിപ്പുറം റോഡിന്റെ ഭാഗമായി വരുന്ന

ചൂണ്ടൽ-കുറ്റിപ്പുറം റോഡ് ഏതാണ്ട് അറുപത്തിയഞ്ച് ശതമാനം പണികൾ പൂർത്തിയായപ്പോൾ കരാറുകാരൻ പണി നിർത്തിവച്ചതിനാൽ കരാർ റദ്ദ് ചെയ്ത് ബാക്കി പണികൾ ലോക ബാങ്കുമായി ചർച്ച ചെയ്ത് രണ്ട് പ്രവൃത്തി കളായി വിഭജിച്ച് ടെന്റർ വിളിക്കുകയുണ്ടായി. അതിൽ പാലക്കാട്-ഷൊർണ്ണൂർ റോഡിന്റെ അപ്ഗ്രഡേഷൻ പണികൾ കെ.എസ്.ടി.പി. 4(എ) ആയും തൃശ്ശൂർ-കുറ്റിപ്പുറം റോഡിന്റെ ബാക്കി പണികൾ കെ.എസ്.ടി.പി. 4(ബി) ആയും വീണ്ടും ടെന്റർ വിളിക്കുകയും അതിൽ ആദ്യത്തേത് റോമൻ ടാർമാറ്റ് എന്ന കമ്പനി 30.92 കോടി രൂപയ്ക്ക് ഏറ്റെടുത്ത് പണികൾ പുരോ ഗമിച്ചുവരികയുമാണ്. തൃശ്ശൂർ-കുറ്റിപ്പുറം റോഡിന്റെ പണികൾ കരാറുകാ രൻ ഏറ്റെടുക്കാത്തതിനാൽ റദ്ദ് ചെയ്ത് ടെൻഡർ വിളിക്കുകയും ലഭിച്ച ടെന്റ റുകളുടെ തുക വളരെ കൂടുതലായതുകൊണ്ട് അവ നിരസിച്ച് രണ്ട് വർക്കുക ളായി വിഭജിച്ച് കെ.എസ്.ടി.പി. 4(ബി)1-ൽ ചൂണ്ടൽ മുതൽ പറന്താവൂർ വരെ എന്ന റോഡും കെ.എസ്.ടി.പി. 4(ബി)2-ൽ പറന്താവൂർ മുതൽ കുറ്റിപ്പുറം വരെ എന്ന റോഡുമായി വീണ്ടും ടെന്റർ ചെയ്യുകയും പണി ആരം ഭിക്കുകയും ചെയ്തിട്ടുണ്ട്. ഒരു വർഷത്തെ കാലാവധിയാണ് പണികൾ തീർക്കാനായി കൊടുത്തിട്ടുള്ളത്. കെ.എസ്.ടി.പി. 4(ബി)1-ന്റെ പണികൾ 22 –08–2009-ൽ ടെന്റർ വിളിക്കുകയും ലഭിച്ച ടെന്ററുകളുടെ വിശദമായ പരി ശോധന നടന്നുവരികയുമാണ്. ടെന്ററിന് അംഗീകാരം നൽകിയാൽ ഒരു വർഷത്തിനകം പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

(8) കണ്ണൂർ ബൈപ്പാസ് നിർമ്മാണം

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: കണ്ണൂർ നഗരത്തിൽ പുതിയതുറ മുതൽ കണ്ണൂർ വരെയും ചൊവ്വ മുതൽ കണ്ണൂർ വരെയുമുള്ള ഭാഗത്ത് അനുഭവപ്പെടുന്ന ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് തത്വത്തിൽ അംഗീകാരം നൽകിയിട്ടുള്ള ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എത്രയും വേഗം ആരംഭിക്കുന്നതിന് കേരള ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുകയും പ്രസ്തുത ബൈപ്പാസ് യാഥാർത്ഥ്യമാകുന്നതുവരെ പടിഞ്ഞാറ് ഭാഗത്ത് താഴെ ചൊവ്വ സിറ്റി-അഴീക്കോട്-വളപട്ടണം റോഡും കിഴക്ക് ഭാഗത്ത് മുണ്ടയാട്-കട്ടാം പള്ളി-വളപട്ടണം റോഡും താൽക്കാലികമായി ബൈപ്പാസായി ഉപയോഗിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): ദേശീയപാത നാലുവരിയാക്കുന്ന പ്രവൃത്തി ബി.ഒ.ടി. അടിസ്ഥാനത്തിൽ ചെയ്യാൻ കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് സംസ്ഥാന ഗവൺമെന്റിന്റെ അംഗീകാരത്തോടെ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി വളപട്ടണം-ചുങ്കം മുതൽ ചാലക്കുന്ന് വരെയുള്ള ബൈപ്പാസ് റൂട്ടാണ് അംഗീകരിച്ചിട്ടുള്ളത്. സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചുവരികയാണ്. താഴെചൊവ്വ സിറ്റി-അഴീക്കോട്-വളപട്ടണം റോഡും മുണ്ടയാട് കട്ടാംപള്ളി- വളപട്ടണം റോഡും താൽക്കാലിക ബൈപ്പാസായി മാറ്റുന്നതിനെക്കുറിച്ചുള്ള പഠനറിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(9) കഴക്കൂട്ടം-കോരാണി റോഡിനായി സ്ഥലമെടുപ്പ്

(ഈ വിഷയം സംബന്ധിച്ച് ശ്രീ. എൻ. രാജനും നോട്ടീസ് നൽകിയിട്ടുണ്ട്.)

ശ്രീ. എം.എ. വാഹീദ്: കഴക്കൂട്ടം ഭാഗത്ത് ദേശീയ പാതയുടെ വീതി കൂട്ടുന്നതിനായി അഞ്ച് മീറ്റർ സ്ഥലം കൂടി മതിയെന്നിരിക്കെ ഏരിയൽ സർവ്വേയുടെ പേരുപറഞ്ഞ് ഇരുപത്തിരണ്ടര മീറ്റർ സ്ഥലം എടുക്കുന്നതിനായി കല്ലിട്ടിരിക്കുകയാണ്. ഇക്കാര്യത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയുടെ പ്രതിനിധികളുടേയും ജനപ്രതിനിധികളുടേയും സർവ്വേ ഉദ്യോഗസ്ഥൻമാരുടേയും ഒരു സംയുക്ത യോഗം വിളിച്ചുകൂട്ടാൻ തയ്യാറാകണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): നിർദ്ദിഷ്ട നാലുവരി പാതയ്ക്കുള്ള അലൈൻമെന്റ് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയാണ് തയ്യാറാക്കിയിരിക്കുന്നത്. ശാസ്ത്രീയമായി അലൈൻമെന്റ് നിശ്ചയിക്കുമ്പോൾ ചില സ്ഥലങ്ങളിൽ കുടുതൽ സ്ഥലം എടുക്കേണ്ടിവരുന്നുണ്ട്. അലൈൻമെന്റിൽ മാറ്റം വരുത്തണമെങ്കിൽ എൻ.എച്ച്.എ.ഐ.-യുടെ അനുമതി ആവശ്യമാണ്. ആവശ്യമായ മാറ്റങ്ങൾ വരുത്താൻ കഴിയുമോയെന്ന് എൻ.എച്ച്.എ.ഐ.-യുമായി ചർച്ച ചെയ്യുന്നതാണ്. ഈ വിഷയം സംബന്ധിച്ച് ബന്ധപ്പെട്ടവരുടെ യോഗം ഏറെ താമസിയാതെ വിളിച്ചുകൂട്ടി ചർച്ച ചെയ്യുന്നതാണ്.

(10) പെൺവാണിഭ കേസുകൾക്ക് സ്പെഷ്യൽ കോടതി

ശ്രീ. എം. ചന്ദ്രൻ: കേരളത്തിൽ നിലവിലുള്ള സ്ത്രീ പീഡന കേസുകൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക പോലീസ് ടീമിനെ നിയോഗിക്കുകയും പ്രത്യേക കോടതികൾ സ്ഥാപിച്ച് വിചാരണ ചെയ്യുകയും ചെയ്യണം. വിതുര പെൺവാണിഭ കേസിലെ പെൺകുട്ടിക്ക് എന്തെങ്കിലും സഹായം നൽകാനാവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സ്ത്രീ പീഡന കേസുകൾ ഒരു പ്രത്യേക കോടതിയിൽ കൈകാര്യം ചെയ്യുക എന്നുള്ളത് പ്രായോഗികമായി ബുദ്ധിമുട്ടുണ്ടാക്കുന്ന താണ്. സൂര്യനെല്ലി കേസിന്റെ അന്വേഷണത്തിനായി ഒരു പ്രത്യേക കോടതി സ്ഥാപിച്ചിട്ടുണ്ട്. ഇത്തരം കേസുകൾക്കായി പ്രത്യേക സംവിധാനം ഉണ്ടാക്കുന്നത് സംബന്ധിച്ച് ഹൈക്കോടതിയുമായി ആലോചിച്ച് തീരുമാനമെടുക്കുന്നതാണ്.

(11) അന്വേഷണ ഉദ്യോഗസ്ഥന്മാർ പത്രസമ്മേളനം നടത്തുന്നതു സംബന്ധിച്ച്

ശ്രീ. ടി.എൻ. പ്രതാപൻ: വിവാദമായ കേസുകളുടെ അന്വേഷണം നടന്നുകൊണ്ടിരിക്കുമ്പോൾ ഉന്നത പോലീസ് ഉദ്യോഗസ്ഥർ കേസ്സിന്റെ മെരിറ്റിനേയും അന്വേഷണത്തേയും ബാധിക്കുന്ന രീതിയിൽ പത്രസമ്മേളനം നടത്തുന്നത് ഒഴിവാക്കാൻ കർശനമായ നിർദ്ദേശം നൽകണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): കേസിനെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭിക്കുന്നതിനുവേണ്ടിയാണ് പത്രസമ്മേളനം നടത്തുന്നത്. ഓരോ കേസ്സിന്റേയും പ്രത്യേക സ്വഭാവമനുസരിച്ച് ഉയർന്ന ഉദ്യോഗസ്ഥർ അത്യാവശ്യംവേണ്ട വിവരങ്ങൾ കേസ്സിന്റെ അന്വേഷണ ത്തേയോ നിയമപരമായ നടപടിക്രമങ്ങളേയോ ബാധിക്കാത്ത വിധത്തിൽ മാധ്യമങ്ങളോട് വെളിപ്പെടുത്തുന്നതിന് അനുവദിക്കാറുണ്ട്. അത് പരിധി ലംഘിക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്.

(12) സന്തോഷ് ആക്രമിക്കപ്പെട്ട സംഭവം

ശ്രീ. വി.എസ്. സുനിൽ കുമാർ: ചേർപ്പ് മണ്ഡലത്തിലെ ആഭരണ ത്തൊഴിലാളിയായ കുരിയച്ചിറ സ്വദേശി സന്തോഷിനെ വെട്ടിപ്പരിക്കേൽപ്പിച്ച് സ്വർണ്ണം കവർന്ന കേസിൽ പ്രതിയെ കണ്ടുപിടിക്കാനും സ്വർണ്ണ കവർച്ച കേസ്സുകൾ അന്വേഷിക്കുന്നതിന് ഒരു പ്രത്യേക ടീമിനെ നിയോഗിക്കാനും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സന്തോഷിന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ കരുനാഗപ്പള്ളി പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. പ്രതികളെക്കുറിച്ചുള്ള സൂചന ലഭിച്ചതിനെത്തുടർന്ന് അന്വേഷണം മറ്റ് ജില്ലകളിലേയ്ക്കും വ്യാപിപ്പിച്ചിട്ടുണ്ട്. മുൻകാലങ്ങളിൽ നടന്ന കേസ്സുക ളെക്കുറിച്ചുള്ള അന്വേഷണം ഊർജ്ജിതപ്പെടുത്തുന്നതിന് നിർദ്ദേശം നൽകുന്നതാണ്.

(13) തൃക്കരിപ്പൂർ എളേരി പഞ്ചായത്തിലെ കാട്ടാന ശല്യം

ശ്രീ. കെ. കുഞ്ഞിരാമനുവേണ്ടി ശ്രീ. സി.എച്ച്. കുഞ്ഞമ്പു: തൃക്കരിപ്പൂർ എളേരി പഞ്ചായത്തിലെ പാലാവയൽ വില്ലേജിൽ കാട്ടാന ശല്യം മൂലമുണ്ടാ കുന്ന കൃഷിനാശത്തിന് പരിഹാരം കാണാനും ജനങ്ങളുടെ സംരക്ഷണ ത്തിനും ആവശ്യമായ നടപടി സ്വീകരിക്കണം.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): കാട്ടാനശല്യംമൂലമുള്ള കൃഷിനാശത്തിനുള്ള നഷ്ടപരിഹാര സംഖ്യ വർദ്ധി പ്പിച്ചിട്ടുണ്ട്. ആൾ അപായമുണ്ടായാൽ കൊടുക്കുന്ന സംഖ്യ ഒരു ലക്ഷം രൂപയാക്കി ഉയർത്തുകയും അത് കൃത്യമായി വിതരണം ചെയ്യുകയും ചെയ്യു

ന്നുണ്ട്. വനം വകുപ്പ് 5 കി. മീറ്റർ ദൂരത്തിൽ ട്രെഞ്ചും 2 കി.മീറ്റർ ദൂരത്തിൽ ഇലക്ട്രിക് ഫെൻസിംഗും ഉണ്ടാക്കിയിട്ടുണ്ട്. പഞ്ചായത്ത് പ്രസിഡന്റുമാരും റെയ്ഞ്ച് ആഫീസർമാരും കൂടി സഹകരിച്ചാൽ എൻ.ആർ.ഇ.ജി.പി. ഫണ്ട് ഉപയോഗിച്ച് ബാക്കിയുള്ള സ്ഥലങ്ങളിൽ ട്രെഞ്ച് കുഴിക്കുന്നതിന് സാധിക്കും. ട്രെഞ്ച് കുഴിക്കാൻ സാധിക്കാത്ത സ്ഥലത്ത് ഇലക്ട്രിക് ഫെൻസിംഗ് ഉണ്ടാക്കാം. വയനാട് ജില്ലയിൽ എൻ.ആർ.ഇ.ജി.പി. സ്കീം പ്രകാരം വനം വകുപ്പ് ആവിഷ്ക്കരിച്ച പദ്ധതിയിലൂടെ 123 കി.മീറ്റർ ദൂരം ട്രെഞ്ച് കുഴിച്ചതു കൊണ്ട് അവിടെ പ്രശ്നത്തിന്റെ രൂക്ഷത കുറയ്ക്കാൻ സാധിച്ചു. ഈ മാസം 16-ാം തീയതി വൈകുന്നരം 6.00 മണിക്ക് കൂടുന്ന വന പ്രദേശവുമായി ചേർന്നുകിടക്കുന്ന മണ്ഡലങ്ങളിലെ എം.എൽ.എ.മാരുടെ യോഗത്തിൽ ഇത്തരം പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതാണ്.

(14) <u>സർവ്വീസ് കണക്ഷൻ ചാർജ്</u>

<u>ശ്രീ. ജോസഫ് എം. പുതുശ്ശേരി</u>: വീടുകൾക്ക് സർവ്വീസ് കണക്ഷൻ നൽകുന്നതിനുള്ള ചാർജ് വർദ്ധിപ്പിക്കാനുള്ള റഗുലേറ്ററി കമ്മീഷന്റെ നിർദ്ദേശം പിൻവലിക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി <u>(ശ്രീ. എ.കെ. ബാലൻ):</u> 31.3.2009 വരെ വൈദ്യുതി കണക്ഷനുവേണ്ടി അപേക്ഷിച്ചവർക്ക് കണക്ഷൻ നൽകാൻ നടപടി സ്വീകരിച്ചു. ഇതിനകം 15 ലക്ഷം കണക്ഷൻ കൊടുത്തു. 31.3.2009-ന് ശേഷം അപേക്ഷിച്ച് മുൻഗണന കിട്ടാത്തവർക്ക് ഒ.വൈ.ഇ.സി. സൗകര്യമുണ്ട്. പട്ടികജാതി, പട്ടികവർഗ്ഗം, വികലാംഗർ, ക്യാൻസർ രോഗികൾ ഉൾപ്പെടെയുള്ളവർക്ക് ഔട്ട് ഓഫ് ടേൺ പ്രയോറിറ്റി

യിൽ കണക്ഷൻ നൽകും. ഒ.വൈ.ഇ.സി. വിഭാഗത്തിനു മാത്രമാണ് ഈ വർദ്ധനവ് ബാധകമാക്കിയിട്ടുള്ളത്. അലൂമിനിയം, സ്റ്റീൽ, മണൽ എന്നീ സാധനങ്ങളുടെ വില വർദ്ധനവാണ് സർവ്വീസ് കണക്ഷൻ ചാർജ് വർദ്ധനവിന് കാരണം. നിരക്കുകൾ നിശ്ചയിക്കുന്നതിന് അധികാരപ്പെടുത്തി യിട്ടുള്ളത് സംസ്ഥാന റഗുലേറ്ററി കമ്മീഷനെയാണ്.

**റിപ്പോർട്ട് സമർപ്പണം**

(1) 2009-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) 2009-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന**

അദ്ധ്യാപകർക്ക് ശമ്പള വർദ്ധനവ്

സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ, ദന്തൽ, നഴ്സിംഗ്, ഫാർമസി കോളേജുകളിലെ അധ്യാപകർക്ക് പുതുക്കിയ യു.ജി.സി. നിരക്കുകൾ പ്രകാരമുള്ള ശമ്പള വർദ്ധനവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നത് സംബന്ധിച്ച് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ ചട്ടം 300 അനുസരിച്ച് ഒരു പ്രസ്താവന നടത്തി.

**നിയമനിർമ്മാണകാര്യം**

(1) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(i) 2009-ലെ കേരള കള്ളു വ്യവസായ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ): 2009-ലെ കേരള കള്ളു വ്യവസായ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തു വയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ): 2009-ലെ കേരള കള്ളു വ്യവസായ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ഭക്ഷ്യവും ഭവനനിർമ്മാണവും തൊഴിലും സംബന്ധിച്ച VII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ്: I move that - "This House resolves to disapprove the Kerala Toddy Workers' Welfare Fund (Amendment) Ordinance, 2009 (Ordinance No.17 of 2009)". കള്ള് വ്യവസായ തൊഴിലാളികൾക്ക് അപകടമോ മരണമോ സംഭവിച്ചാൽ ചികിത്സയ്ക്കോ കടുംബത്തിന് കോമ്പൻസേഷൻ നൽകുന്നതിനോ വേണ്ടിയുള്ള ഫണ്ട് ഉണ്ടാക്കാനാണ് ഈ ബില്ലുകൊണ്ട് ഉദ്ദേശിക്കുന്നത്. എന്നാൽ വർക്ക്മെൻസ് കോമ്പൻസേഷൻ ആക്ടിൽ തൊഴിലാളിക്ക് കൊടുക്കുന്ന നഷ്ടപരിഹാര

ത്തെക്കുറിച്ച് വ്യക്തമായി പറയുന്നുണ്ട്. ഒരു സെൻട്രൽ ആക്ട് നിലനിൽക്കുമ്പോൾ ഇങ്ങനെയൊരു നിയമം നിർമ്മിക്കാൻ ഈ സഭയ്ക്ക് കോമ്പിറ്റൻസിയുണ്ടോ എന്നുള്ളത് പരിശോധിക്കേണ്ടതായിട്ടുണ്ട്. ഈ നിയമം പാസ്സായാൽ കോടതിയിൽ ഇതിനെ ചോദ്യം ചെയ്യാനുള്ള സാധ്യതയുണ്ട്. അത് ഒഴിവാക്കുന്നതിനായി നിലവിലുള്ള ക്ഷേമനിധി ആനുകൂല്യത്തിന് പുറമേ ഈ ആനുകൂല്യത്തിന് കൂടി അർഹതയുണ്ടെന്ന് വ്യവസ്ഥ ചെയ്താൽ ബില്ലിന് കുറേക്കൂടി വ്യക്തതയുണ്ടാകും. അത് വർക്ക്മെൻസ് കോമ്പൻസേഷൻ ആക്ടിന് ഇൻകൺസിസ്റ്റന്റ് ആവുകയില്ലെന്ന് മാത്രമല്ല അതിനുള്ള കോമ്പിറ്റൻസിയും സഭയ്ക്കുണ്ട്. ബില്ലിലെ 3-ാം ഖണ്ഡത്തിൽ 1-ാം ഉപവകുപ്പിൽ സർക്കാർ വിഹിതം 8 ശതമാനത്തിൽനിന്നും 10 ശതമാനമായി ഉയർത്തുമ്പോൾ ഏകദേശം 40 ലക്ഷത്തിൽപ്പരം രൂപയുടെ അധിക ചെലവേ വരുന്നുള്ളു. അതുകൊണ്ട് സർക്കാർ വിഹിതം തൊഴിലാളിയുടെ വിഹിതത്തിന്റെ പകുതിയെങ്കിലുമാക്കണം. തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് വേണ്ടി വരുന്ന അധിക സാമ്പത്തിക ബാദ്ധ്യത തരണം ചെയ്യുന്നതിന് കളള് ചെത്തുന്ന ഓരോ തെങ്ങിനും ഓരോ അർദ്ധ വർഷത്തിലും പത്ത് രൂപ വീതവും ഓരോ പനയ്ക്കും ഓരോ വർഷത്തിലും ഇരുപത് രൂപ വീതവും തൊഴിലുടമയിൽനിന്നും ഈടാക്കുന്നതാണെന്നാണ് ബില്ലിൽ നിഷ്ക്കർഷിച്ചിരിക്കുന്നത്. ഈ തുക കുറച്ചുകൂടി വർദ്ധിപ്പിക്കാൻ കഴിയുമോ എന്ന് പരിശോധിക്കണം. തൊഴിലാളികൾക്ക് ചികിത്സയ്ക്ക് നൽകുന്ന സംഖ്യയും ഈ തൊഴിലാളി തിരികെ തൊഴിലിൽ ഏർപ്പെടുന്നതുവരെയുള്ള ജീവിതച്ചെലവിന് അത്യാവശ്യമായ ധനസഹായവും ബില്ലിൽ ഉൾപ്പെടുത്തണം. ജോലിക്കിടെ അപകടം സംഭവിച്ചാൽ സർക്കാർ ആശുപത്രികളിൽ

വിദഗ്ദ്ധ ചികിത്സ ലഭ്യമല്ലെങ്കിൽ പ്രൈവറ്റ് ആശുപത്രികളിൽ ചികിത്സ ലഭ്യമാക്കാനും ചികിത്സാചെലവിനാവശ്യമായ സഹായം നൽകാനും വ്യവസ്ഥ ചെയ്യണം. . തൊഴിലാളി മരണപ്പെട്ടാൽ നൽകുന്ന ആശ്രിത ധന സഹായം ചുരുങ്ങിയത് 1 ലക്ഷം രൂപയെന്ന് നിജപ്പെടുത്തുകയോ അത ല്ലെങ്കിൽ തൊഴിലാളിയുടെ പ്രായം, വരുമാനം എന്നീ കാര്യങ്ങൾ പരിഗണിച്ചു കൊണ്ടുള്ള ഒരു സംഖ്യ നൽകാനുള്ള ഒരു പ്രൊവിഷനോ ബില്ലിൽ ഉൾപ്പെടുത്തണം.

ശ്രീ. വി.ഡി. സതീശൻ: നിരാകരണപ്രമേയത്തെ പിന്താങ്ങുന്നു. ക്ഷേമ നിധിയിലേയ്ക്കുള്ള തൊഴിലുടമയുടെ വിഹിതം വർദ്ധിപ്പിച്ചതും സർക്കാർ വിഹിതം 8 ശതമാനത്തിൽ നിന്നും 10 ശതമാനമായി ഉയർത്തിയതും നഷ്ടപരിഹാരം നൽകുന്നതിന് പ്രത്യേക പ്രൊവിഷൻ കൊണ്ടുവന്നതും സ്വാഗതാർഹമാണ്. ക്ഷേമനിധിയിലേയ്ക്കുള്ള കുടിശ്ശിക പിരിച്ചെടുക്കുന്ന കാര്യത്തിൽ കുറച്ചുകൂടി ശ്രദ്ധ ചെലുത്തണം. വെൽഫെയർ ബോർഡു കളിൽ നിന്നും സർക്കാർ കടമെടുക്കുന്ന പണം യഥാസമയം തിരിച്ചു നൽകിയില്ലെങ്കിൽ അത് തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങളെ ഗുരുതര മായി ബാധിക്കും. സർക്കാർ എടുക്കുന്ന തുകയുടെ പലിശ ഇന്നുവരെ ട്രഷ റികളിൽ നിന്നും ഒരു ക്ഷേമനിധി ബോർഡുകൾക്കും കിട്ടിയിട്ടില്ല എന്നുള്ള താണ് വാസ്തവം. പരമ്പരാഗത തൊഴിലെന്ന നിലയിൽ സംസ്ഥാനത്തെ കള്ളുചെത്തു വ്യവസായം ഇന്ന് തകർച്ചയെ നേരിടുകയാണ്. റേഞ്ച് അടി സ്ഥാനത്തിൽ ലേലം ചെയ്യാനുള്ള സംവിധാനം സംസ്ഥാനത്തില്ല. ഇപ്പോൾ വ്യക്തികൾക്കാണ് ഷാപ്പുകളുടെ ലൈസൻസ് കൊടുക്കുന്നത്. വ്യക്തികൾക്ക് ലൈസൻസ് കൊടുക്കുമ്പോൾ ലാഭത്തിലുള്ള ഷാപ്പുകൾ മാത്രം ലേലത്തിൽ പോവുകയും നഷ്ടത്തിലുള്ള ഷാപ്പുകളിലെ തൊഴിലാളികളെ

സംരക്ഷിക്കാൻ കഴിയാതെ വരികയും ചെയ്യുന്നു. സൊസൈറ്റികളുടെ മറവിൽ ഷാപ്പുകൾ ലേലത്തിൽ പിടിക്കുന്ന ബിനാമികളായ മദ്യ മുതലാളി മാർ സൊസൈറ്റികൾ നഷ്ടമാണെന്ന കാരണം പറഞ്ഞ് തൊഴിലാളികളുടെ ആനുകൂല്യങ്ങൾ നിഷേധിക്കുകയും സർക്കാരിലേയ്ക്ക് കൊടുക്കേണ്ട വിഹിതം കൊടുക്കാതിരിക്കുകയും ചെയ്യുന്നു. ഈ സാഹചര്യത്തിൽ ഒരു കള്ളുനയത്തെക്കുറിച്ച് ഗവൺമെന്റ് ഗൗരവമായി ചിന്തിക്കേണ്ടതാണ്. കാസർഗോഡ്, കണ്ണൂർ, കോഴിക്കോട് ജില്ലകളിലെ കള്ളുഷാപ്പുകൾ മുഴുവനും എറണാകുളം ജില്ലയിലേത് ഭാഗീകമായും സൊസൈറ്റികൾക്ക് വിട്ടുകൊടുത്തിരിക്കുകയാണ്. പരമ്പരാഗത തൊഴിലാളികളുടെ അവസരങ്ങൾ ഇല്ലാതാക്കി സൊസൈറ്റികളുടെ മറവിൽ നടത്തുന്ന ഷാപ്പു കളുടെ പ്രവർത്തനം പരിശോധിക്കാൻ സർക്കാർ തയ്യാറാകണം. പല സൊസൈറ്റികളുടേയും ആഡിറ്റിംഗ് കൃത്യമായി നടക്കുന്നില്ല. ആഡിറ്റിംഗ് നടന്ന സൊസൈറ്റികളുടെ ആഡിറ്റ് റിപ്പോർട്ട് സർക്കാർ കൃത്യമായി പരിശോ ധിക്കുന്നില്ല. തെങ്ങുരോഗവും തെങ്ങ് ചെത്തിനോടുള്ള പുതിയ തലമുറയുടെ താൽപര്യക്കുറവും കാരണം തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെ കള്ളുല്പാദനം ഗണ്യമായി കുറയുക യാണ്. വിദ്യാലയങ്ങളിൽ നിന്നും ആരാധനാലയങ്ങളിൽ നിന്നും ബാറുകൾക്കും കള്ളുഷാപ്പുകൾക്കും അനുവദിച്ചിട്ടുള്ള ദൂരപരിധി ഏകീക രിക്കാൻ നടപടി സ്വീകരിക്കണം. എക്സൈസ് ഡിപ്പാർട്ടുമെന്റ് നവീകരി ക്കണം. ആൾക്കഹോളിക് കണ്ടന്റ് കുറച്ച് കള്ള് ലഘുപാനീയമാക്കി മാറ്റാൻ നടപടി സ്വീകരിക്കണം. കള്ളുഷാപ്പുകൾ ഭംഗിയുള്ളതും വൃത്തിയുള്ളതുമാക്കണം. കള്ളുഷാപ്പുകളിൽ വ്യാജമദ്യം വിൽക്കുന്നത് തടയാൻ മൊബൈൽ ലാബ് സംവിധാനം ഏർപ്പെടുത്തണം. പരമ്പരാഗത

വ്യവസായം എന്ന നിലയിൽ കള്ളു വ്യവസായത്തെ സംരക്ഷിക്കാൻ നടപടി സ്വീകരിക്കണം..

ശ്രീ. ആനത്തലവട്ടം ആനന്ദൻ: 2009-ലെ കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-12-2009 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 4-ാം വകുപ്പിലെ (1)-ാം ഉപവകുപ്പ് ഭേദഗതി ചെയ്തുകൊണ്ട് തൊഴിലുടമയുടെ അംശദായം എട്ട് ശതമാനത്തിൽ നിന്നും പത്ത് ശതമാനമായി വർദ്ധിപ്പിക്കാനും നഷ്ടപരിഹാരം നൽകുന്നതിന് കള്ള് ചെത്തുന്ന ഓരോ തെങ്ങിനും ഓരോ അർദ്ധവർഷത്തിലും പത്ത് രൂപ വീതവും ഓരോ പനയ്ക്കും ഓരോ വർഷത്തിലും ഇരുപത് രൂപ വീതവും തൊഴിലുടമയിൽ നിന്നും ഈടാക്കുന്നതിനും ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത് സ്വാഗതാർഹമാണ്. അംശദായം പിരിച്ചെടുക്കുന്നതിന് കർശന നടപടി സ്വീകരിക്കണം. തൊഴിലാളികളുടെ ചികിത്സാആനുകൂല്യവും പെൻഷനും വർദ്ധിപ്പിച്ചത് നല്ല കാര്യമാണ്. പുതിയ തലമുറയിലെ ചെറുപ്പക്കാർക്ക് ചെത്ത് തൊഴിലിൽ വേണ്ടത്ര പരിശീലനം നൽകണം. ചെത്ത് വ്യവസായത്തിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികളെയും അവരുടെ കുടുംബത്തേയും സംരക്ഷിക്കാനും അവർക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകാനും പെൻഷൻ തുക വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കണം

ശ്രീ. കെ. ബാബു : 2009-ലെ കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. തൊഴിലാളികളുടെ വിഹിതം 8 ശതമാനത്തിൽ നിന്ന് 10 ശതമാനമായി വർദ്ധിപ്പിക്കാനുള്ള തീരുമാനത്തെ

സ്വാഗതം ചെയ്യുന്നു. സർക്കാരിന്റെ വിഹിതം വർദ്ധിപ്പിക്കുന്ന തിനെക്കുറിച്ചുകൂടി ആലോചിക്കണം. ചെത്ത് തൊഴിലാളികൾക്ക് അപകട ധനസഹായം കൊടുക്കാനാവശ്യമായ നടപടിയുണ്ടാകണം. തൊഴിലാളികൾക്കുള്ള മരണാനന്തര സഹായം വർദ്ധിപ്പിക്കണം. ക്ഷേമനിധിയിലെ പണം പ്രയോജനപ്രദമായ പദ്ധതികൾക്കായി വിനിയോഗി ക്കണം. ക്ഷേമനിധി ബോർഡ് ഫലപ്രദമായി പ്രവർത്തിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. വ്യാജ കള്ളിന്റെ ഉൽപ്പാദനവും ഉപഭോഗവും തട യണം. കള്ളുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് തെങ്ങ് കൃഷി സംരക്ഷിക്കുന്നതിനുള്ള നയം ആവിഷ്ക്കരിക്കണം. തൊഴിലാളികൾക്ക് ആകർഷകമായ സേവന-വേതന വ്യവസ്ഥകൾ ഏർപ്പെടുത്തണം. കള്ള് വ്യവസായ മേഖലയിൽ സർക്കാർ ഫലപ്രദമായി ഇടപെടണം. ഗവൺമെന്റ് നൽകേണ്ട 10 ശതമാനം ഗ്രാന്റ് ഇനത്തിലെ കുടിശ്ശിക അടിയന്തിരമായി കൊടുത്തുതീർക്കണം. കള്ള് ഷാപ്പ് തൊഴിലാളികളുടെ ക്ഷേമനിധി വിഹിതം അടപ്പിക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കണം. ഏറ്റവും കൂടുതൽ കള്ള് വില്പനയുള്ള സ്ഥലങ്ങളിൽ ലേലം വിളിക്കാതെ സൊസൈറ്റികൾ രൂപീകരിച്ച് കള്ള് വില്പന നടത്തുന്നത് എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാ നത്തിലാണെന്ന് വ്യക്തമാക്കണം. ഐ.ആർ.സി. തീരുമാനം പല സ്ഥലത്തും നടപ്പാക്കുന്നില്ല. വ്യാജകള്ള് വിൽപ്പന തടയാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ:</u> 35000-ഓളം പരമ്പരാഗത കള്ള് ചെത്ത് തൊഴിലാളികളാണ് ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളത്. ആധുനിക ടെക്നോളജി അസാധ്യമായ ചെത്ത് തൊഴിലാളിമേഖലയിൽ . അപകട സാധ്യത കൂടുതലായതിനാൽ അതനുസരിച്ചുള്ള സുരക്ഷിതത്വം കൊടുക്കേണ്ടത് സർക്കാരിന്റെ ഉത്തരവാദിത്വമാണ്. കള്ളിനെ മദ്യം എന്ന

നിലയിൽ കാണാതെ പ്രകൃതിദത്തമായ ഒരു പാനീയമായി കണക്കാക്കണം. ഔഷധഗുണമുള്ള യഥാർത്ഥ കള്ള് വിൽക്കാനുള്ള സംവിധാനമുണ്ടാക്കണം. മദ്യവർജ്ജനം പെട്ടെന്ന് സാധ്യമല്ലാത്തതിനാൽ ആൽക്കഹോൾ കണ്ടന്റ് കുറഞ്ഞ കള്ളിന്റെ വിൽപ്പന പ്രോൽസാഹിപ്പിക്കണം. ആന്ധ്ര, തമിഴ്നാട്, കർണ്ണാടക തുടങ്ങിയ സംസ്ഥാനങ്ങളിൽ ചെയ്യുന്നതുപോലെ കള്ളിൽ നിന്നും വാല്യൂ ആഡഡ് പ്രോഡക്റ്റ്സ് ഉണ്ടാക്കി ഇന്റർനാഷണൽ മാർക്കറ്റിൽ വിൽക്കാനുള്ള നടപടികൾ സ്വീകരിക്കണം. തെങ്ങ് കർഷകരെയും ചെത്ത് തൊഴിലാളികളെയും സംയോജിപ്പിച്ചുകൊണ്ട് അപ്പെക്സ് സൊസൈറ്റികൾക്ക് രൂപം നൽകണം. നല്ല കള്ളിൽ നിന്ന് നീര ഉണ്ടാക്കി വിൽപ്പന നടത്താനുള്ള നടപടികൾ സ്വീകരിക്കണം. തൃശ്ശൂർ, ആലപ്പുഴ തുടങ്ങിയ ജില്ലകളിൽ നിന്ന് മറ്റു സ്ഥലങ്ങളിൽ പോയി കള്ള്ചെത്തുന്ന തൊഴിലാളികൾക്ക് അർഹതപ്പെട്ട ആനുകൂല്യം ലഭ്യമാക്കണം. വ്യാജകള്ള് ഉൽപ്പാദിപ്പിച്ച് വിൽപ്പന നടത്തി കൊള്ളലാഭം കൊയ്യുന്നവർക്കെതിരെ നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ) : ചർച്ചയിൽ പങ്കെടുത്ത അംഗങ്ങൾ വളരെ വിലപ്പെട്ട നിർദ്ദേശങ്ങളാണ് മുന്നോട്ട് വച്ചിട്ടുള്ളത്. ഇവിടെ അവതരിപ്പിച്ച ഓർഡിനൻസ് നിരാകരിക്കേണ്ട ആവശ്യമില്ല. കാരണം നിയമപരമായ നടപടികൾ പൂർത്തിയാക്കിയാണ് ബിൽ സഭയിൽ അവതരിപ്പിച്ചിരിക്കുന്നത്. വർക്ക്മെൻ കോമ്പൻസേഷൻ ആക്ടിൽ പറയുന്ന ആനുകൂല്യങ്ങളൊന്നും ഈ നിയമത്തിൽ വരാത്തതു കൊണ്ട് ഇതിലെ ആനുകൂല്യങ്ങൾ ഇല്ലാതാകുന്നില്ല. തൊഴിലാളിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൺകറന്റ് ലിസ്റ്റിൽപ്പെട്ട വിഷയമായതിനാൽ നിയമനിർമ്മാണം നടത്താനുള്ള അവകാശം സംസ്ഥാന നിയമസഭയ്ക്കുണ്ട്.

തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കണമെന്ന അഭിപ്രായ ത്തോട് ഗവൺമെന്റ് തത്വത്തിൽ യോജിക്കുകയാണ്. മറ്റ് ക്ഷേമനിധി ബോർഡുകളിൽനിന്നും വ്യത്യസ്തമായി 990 കോടി രൂപ ആസ്തിയുള്ള ബോർഡാണിത്. 1997-ൽ നിശ്ചയിച്ച പെൻഷൻ വർദ്ധിപ്പിക്കുന്നതിന് വരുമാനം കണ്ടെത്തുന്നതിനുള്ള ഭേദഗതികൂടി ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിൽ ഗവൺമെന്റിന്റെ വിഹിതം തൊഴിലാളിയുടെ അംശദാ യത്തിന്റെ ഏഴര ശതമാനമാണ്. 1969-ൽ നിയമം കൊണ്ടുവന്നശേഷം 1978 -ലും 1996-ലും ഭേദഗതി കൊണ്ടുവന്നെങ്കിലും ഗവണ്മെന്റിന്റെ വിഹിതം തൊഴിലാളിയുടെ അംശദായത്തിന്റെ ഏഴര ശതമാനം എന്നുള്ളത് വർദ്ധിപ്പി ക്കാൻ തീരുമാനിച്ചില്ല. ഈ ഗവൺമെന്റും അത് ചെയ്യുന്നില്ല. അതേസമയം കോൺട്രിബ്യൂഷനിൽ രണ്ട് ശതമാനം വർദ്ധനവ് വരുമ്പോൾ അതിന്റെ ഏഴര ശതമാനം എന്ന നിലയിൽ 40,000 രൂപയുടെ അധിക ബാദ്ധ്യത ഗവൺമെന്റിന് വരും. കള്ള് ചെത്ത് വ്യവസായത്തെ സംരക്ഷിക്കുക എന്ന നയമാണ് ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. കഴിഞ്ഞ ഗവൺമെന്റ് അടച്ചുപൂട്ടിയ കള്ള് ഷാപ്പുകൾ ഈ ഗവൺമെന്റ് അധി കാരത്തിൽവന്നതിനുശേഷം തുറന്ന് പ്രവർത്തിപ്പിച്ചിട്ടുണ്ട്. ലൈസൻസ് ഫീസും കിസ്തും അടച്ചിട്ടും ദൂരപരിധിയിൽ മാറ്റം വരുത്താൻ കഴിയാത്തതു കൊണ്ട് തുറക്കാൻ കഴിയാത്ത കള്ള് ഷാപ്പുകളുടെ കാര്യത്തിൽ ലൈസൻസ് ഫീസ് തിരിച്ചുകൊടുക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുക യാണ്. ഷാപ്പുകൾ പുന:സ്ഥാപിക്കുമ്പോൾ ഒരു തൊഴിലധിഷ്ഠിത വ്യവസാ യമെന്ന നിലയിൽ അവിടെ പണിയെടുക്കുന്ന തൊഴിലാളികളെ സംരക്ഷിക്കു

മെന്ന് ഗവൺമെന്റ് തീരുമാനിച്ചിരുന്നുവെങ്കിലും അട്ടപ്പാടി മദ്യനിരോധന മേഖലയായതിനാൽ അട്ടപ്പാടിയിൽ കള്ള് ചെത്തിന് അനുമതി നൽകുന്ന കാര്യം ഗവൺമെന്റ് ആലോചിച്ച് ആവശ്യമായ തീരുമാനം കൈക്കൊള്ളുന്ന താണ്. കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് അപ്പെക്സ് ബോഡി രൂപീക രിച്ച് വീര്യം കുറഞ്ഞ മദ്യം ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ കഴിയും. ആ രീതിയിൽ പരമ്പരാഗത വ്യവസായ രംഗത്ത് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ക്ഷേമനിധി ബോർഡിന്റെ ആസ്തി ഉപയോഗിച്ച് ചെത്ത് തൊഴിലാളികളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസത്തിനായി സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കണമെങ്കിൽ ചട്ടത്തിൽ ആവശ്യമായ മാറ്റം വരുത്തേണ്ടതുണ്ട്. അട്ടപ്പാടി മേഖലയിൽ കള്ള്ചെത്ത് അനുവദിക്കുന്ന തിന് പാർട്ടികളും തൊഴിലാളി സംഘടനകളും ജനപ്രതിനിധികളും സംയുക്ത മായി ഗവൺമെന്റിന് നൽകിയ നിവേദനം സംബന്ധിച്ച് ബന്ധപ്പെട്ടവരുമായി ആലോചിച്ച് തീരുമാനിക്കുന്നതാണ്. വ്യാജ മദ്യത്തിനെതിരെ ബോധവൽക്ക രണമുൾപ്പെടെയുള്ള അതിശക്തമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. വ്യാജ മദ്യവിതരണം സംബന്ധിച്ച് വിവരം നൽകുന്നവർക്കും വ്യാജ മദ്യം പിടിക്കുന്ന ഉദ്യോഗസ്ഥർക്കും പാരിതോഷികം നൽകുന്നുണ്ട്. മദ്യവർജ്ജന ത്തിനുവേണ്ടിയുള്ള ബോധവൽക്കരണ നടപടികളും സ്വീകരിച്ചുവരികയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മദ്യ മാഫിയകൾക്കെ തിരെ അതിശക്തമായ നടപടികൾ സ്വീകരിക്കുകയും കുറേപ്പേരെ ഗുണ്ടാ ലിസ്റ്റിൽപ്പെടുത്തി കസ്റ്റഡിയിലെടുക്കുകയും ചെയ്തിട്ടുണ്ട്. ജനകീയ സമിതികൾ രൂപീകരിച്ച് ജനപങ്കാളിത്തത്തോടുകൂടി വ്യാജ മദ്യ വിതരണം തടയുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുന്നതാണ്. ബിൽ

സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

നിരാകരണ പ്രമേയം സഭ നിരാകരിച്ചു.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

2009-ലെ കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ഭക്ഷ്യവും ഭവനനിർമ്മാണവും തൊഴിലും സംബന്ധിച്ച VII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിക്കുകയും ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

## (ii) 2009-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ഭേദഗതി ബിൽ

വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): 2009-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ഭേദഗതി ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തു വയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): 2009-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ഭേദഗതി ബിൽ

ഭൂനികുതിയും വനവും മത്സ്യബന്ധനവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ദേവസ്വവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): പ്രമേയത്തെ പിന്താങ്ങുന്നു.

**ക്രമപ്രശ്നം**

ബിൽ നിയമപരമായി നിലനിൽക്കുന്നതല്ല

ശ്രീ. കെ.എം. മാണി: ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം 10(എ), 10(ബി) ക്ലോസുകളിൽ പറയുന്നത് fragile ആയിട്ട് പ്രഖ്യാപിച്ച സ്ഥലം 5 ഏക്കറിൽ താഴെയാണെങ്കിൽ, പ്രസ്തുത സ്ഥലം fragile ആണോ അല്ലയോ എന്ന കാര്യത്തിന്മേൽ തർക്കമുണ്ടെങ്കിൽ 10(ബി) അനുസരിച്ച് രൂപീകരിക്കുന്ന സമിതിയുടെ ശുപാർശയിന്മേൽ സർക്കാരിന് തീർപ്പ് കൽപ്പിക്കാവുന്നതാണെന്നാണ്. അപ്പോൾ fragile ആക്കപ്പെട്ട് റിസർവ്വ് വനമായി മാറിയ ഭൂമിയെ സംബന്ധിച്ചിടത്തോളം 10(ബി) എന്നുള്ള പുതിയ വ്യവസ്ഥ കൊണ്ടുവന്നിട്ട് ഒരു സമിതിയെ അതിന്മേൽ തീരുമാനിക്കാൻവേണ്ടി ഏർപ്പാട് ചെയ്യുകയാണ്. ഇത് 1980-ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ടിലെ വ്യവസ്ഥകൾക്കെതിരാണ്. കാരണം റിസർവ്വ് ഫോറസ്റ്റ് ഭൂമിയെ സംബന്ധിച്ചുള്ള തീരുമാനം പ്രസ്തുത നിയമത്തിന്റെ പെർവ്യൂവിൽ വരുന്നതാണ്. സംസ്ഥാന നിയമസഭ പാസ്സാക്കുന്ന നിയമം കേന്ദ്ര നിയമത്തിന് വിരുദ്ധമായാൽ, ഫോറസ്റ്റ് കൺസർവേഷൻ ആക്ടിന് വിരുദ്ധമായാൽ, ആർട്ടിക്കിൾ 254 അനുസരിച്ച് ഇത് വോയിഡാവുകയാണ്. ഈ ബിൽ നിയമപരമായി

നിലനിൽക്കുന്നതല്ല. അഞ്ചേക്കറിൽ താഴെയുള്ള സ്ഥലം പ്രഖ്യാപിത fragile ലാന്റ് ആണോ അല്ലയോ എന്ന തർക്കമുണ്ടെങ്കിൽ കമ്മിറ്റിക്ക് റഫർ ചെയ്യാം. Fragile ലാന്റ് ആണെങ്കിൽ റിസർവ്വ് ഫോറസ്റ്റ് ആക്കി മാറ്റും. അല്ലെങ്കിൽ എസ്റ്റേറ്റിലെ റൈറ്റ് അതോടുകൂടി extinguish ചെയ്യപ്പെടും. ആർട്ടിക്കിൾ 31 (എ) യിൽ വരുന്നത് സ്വകാര്യ ഭൂമി, സ്വകാര്യ ഫോറസ്റ്റ്, നോട്ടിഫൈ ചെയ്യുന്ന ഭൂമി ഇതൊക്കെയാണ്. ആർട്ടിക്കിൾ 31 (എ) (1) ന്റെ പ്രൊവൈസോ അനുസരിച്ചുള്ള ബില്ലാണിത്. അങ്ങനെയുള്ള ഒരു ബിൽ പാസ്സായാൽ അതിന് ഇൻഡ്യൻ പ്രസിഡന്റിന്റെ അംഗീകാരം വേണം. ആർട്ടിക്കിൾ 213 (1) പ്രൊവൈസോ അനുസരിച്ച് ബിൽ ഇൻട്രൊഡ്യൂസ് ചെയ്യുന്നതിന് മുൻപ് ഇൻഡ്യൻ പ്രസിഡന്റിന്റെ അനുമതി ആവശ്യമാണ്. പ്രസിഡന്റിന്റെ അനുമതി വാങ്ങാതെ ഓർഡിനൻസ് റീപ്ലെയ്സ് ചെയ്യുന്നതിനുവേണ്ടി കൊണ്ടുവന്ന ഈ ബിൽ വോയിഡ് ആണ്. 10 (എ), 10 (ബി) ക്ലാസ്സുകൾ പാസ്സായാൽ ഫിനാൻഷ്യൽ എക്സ്പെന്റിച്ചർ വരും. ഗവൺമെന്റ് ഉദ്യോഗസ്ഥർ തന്നെ ഇൻസ്പെക്ഷനു പോയാൽ അതിന് ചെലവ് വരുകയില്ല എന്ന് പറയുന്നത് ശരിയല്ല. സഞ്ചിത നിധിയിൽനിന്നും ചെലവു വരുന്ന ബില്ലുകൾക്ക് ഗവർണ്ണറുടെ ശുപാർശ ആവശ്യമാണ്. ഇതിൽ ഗവർണ്ണറുടെ ശുപാർശ വന്നിട്ടില്ല. ഈ ബിൽ 5 ഏക്കറിനു താഴെ ഭൂമിയുള്ള കൃഷിക്കാർക്ക് ദോഷകരമാകും. കേരള ലാന്റ് റിഫോംസ് ആക്ടിലെ 7(ഡി) വകുപ്പു പ്രകാരം ചെറുകിട കർഷകർക്ക് പ്രൈവറ്റ് ഫോറസ്റ്റ് ലാന്റിൽ ടൈറ്റിൽ അവകാശം കൊടുത്തിട്ടുണ്ട്. 2000-ലെ ഫ്രജൈൽ ലാന്റ് നിയമപ്ര

കാരം ടൈറ്റിൽ ഉണ്ടായ ഭൂമി മുഴുവൻ ഫ്രൈജൽ ആയി. മൂലനിയമം 19 (3) (എ)-ൽ പറഞ്ഞിട്ടുള്ളത് ഫ്രൈജൽ ആയി നോട്ടിഫൈ ചെയ്തിട്ടുള്ള ഭൂമി സർക്കാരിൽ നിക്ഷിപ്തമാകുന്നതല്ല എന്നാണ്. നിലനിൽപ്പിലാത്ത ഒരു ബില്ലാണിത്. അതിനെ സംബന്ധിച്ച് റൂളിംഗ് ആവശ്യമാണ്.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): തടസ്സവാദങ്ങൾ നിലനിൽക്കുന്നില്ല. ഈ ഗവൺമെന്റിന്റെ താൽപ്പര്യം യഥാർത്ഥ കൃഷിക്കാരുടെ വിഷമങ്ങൾ തീർക്കുക എന്നുള്ളതാണ്. ചെലവേറിയ മാർഗ്ഗങ്ങൾ നോക്കാൻ പ്രയാസപ്പെടുന്ന ചെറുകിട കൃഷി ക്കാരുടെ പരാതികൾക്ക് പരിഹാരം കാണുന്നതിന് പുതിയ പോംവഴി കണ്ടു പിടിക്കാൻ ശ്രമിക്കുന്നതിന് ഒരു അനുമതിയുടേയും ആവശ്യമില്ല. കൈവശ മുള്ള ഭൂമി കൃഷിക്കാർക്ക് തിരിച്ചുകൊടുക്കാനാണ് ശ്രമിക്കുന്നത്. പ്രാദേശിക തലത്തിലുള്ള കമ്മിറ്റി ജില്ലയ്ക്കകത്ത് മാത്രമാണ് ഇൻസ്പെക്ഷന് പോകേണ്ടത്. അതിന് ആവശ്യമായ ഫണ്ട് ഇപ്പോൾത്തന്നെയുണ്ട്. അഡീഷണലായി കണ്ടിജൻസി ഫണ്ടുമുണ്ട്.

**റൂളിംഗ്**

മി. സ്പീക്കർ: എസ്റ്റേറ്റുകളും മറ്റും ഏറ്റെടുക്കുന്നതിന് 31(എ) അനുസരിച്ച് പ്രസിഡന്റിന്റെ അനുമതി ആവശ്യമാണ്. അതുപ്രകാരം മൂലനിയമം പാസ്സാക്കി പ്രസിഡന്റിന്റെ അനുമതി നേടിയിട്ടുണ്ട്. മൂലനിയമ പ്രകാരം നിക്ഷിപ്തമാക്കിയ 5 ഏക്കർ വരെയുള്ള ചെറുകിട കൃഷിക്കാരുടെ ഭൂമിയിലെ തർക്കങ്ങൾ പരിഹരിക്കുന്നതിനുവേണ്ടിയുള്ള ഒരു ഭേദഗതിയാണ് കൊണ്ടുവന്നിരിക്കുന്നത്. അതിന് പ്രസിഡന്റിന്റെ അംഗീകാരം കിട്ടിയിട്ടില്ല എന്നതാണ് ഒരു തടസ്സവാദം. അത്തരം ഭേദഗതികൾ പ്രസിഡന്റിന്റെ അനുമ

തിയില്ലാതെ തന്നെ മുമ്പും പാസ്സാക്കിയിട്ടുണ്ട്. ഇനി എന്തെങ്കിലും ഭരണഘടനാപരമായിട്ടുള്ള തർക്കങ്ങളോ ആശയങ്ങളോ ഉണ്ടെങ്കിൽ അത് ആർട്ടിക്കിൾ 255 അനുസരിച്ച് ബിൽ അവതരിപ്പിച്ച് അതിന്റെ സാങ്കേതിക തടസ്സങ്ങൾ എല്ലാം മാറ്റി ഗവർണ്ണർ ഒപ്പിടുന്നതോടുകൂടി ഇല്ലാതാകുകയാണ്. ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ കൃത്യമായി ചെലവ് പറയാത്തത് ചെലവ് വരുന്നില്ല എന്നുള്ളതുകൊണ്ടാണ്. ഗവൺമെന്റ് ഉദ്യോഗസ്ഥർ മാത്രമാണ് അതിൽ വരുന്നത്. പഞ്ചായത്ത് പ്രസിഡന്റിന് കൃത്യമായി ചെലവ് കണക്കാക്കപ്പെടേണ്ട ആവശ്യമില്ല. അതുകൊണ്ട് ഈ തടസ്സ വാദങ്ങൾ നിലനിൽക്കുന്നതല്ല.

ശ്രീ. ആര്യാടൻ മുഹമ്മദ്: I move that-

“This House resolves to disapprove The Kerala Forest (Vesting and Management of Ecologically Fragile Lands) (Amendment) Ordinance, 2009 (Ordinance No.20 of 2009). ബില്ലിൽ ഫോറസ്റ്റ് കൺസർവേഷൻ ആക്ടിന്റെ ഇൻകൺസിസ്റ്റന്റായിട്ടുള്ള വ്യവസ്ഥകൾ ഉണ്ടെങ്കിൽ റൂൾ 251 അനുസരിച്ച് അത് പരിശോധിച്ച് മാറ്റങ്ങൾ വരുത്തണം. തലമുറകളായി കൈവശം വച്ചുവരുന്ന ഭൂമി ഫ്രൈജൽ ലാന്റായി നോട്ടിഫൈ ചെയ്യുന്നത് ശരിയല്ല. മലയോരപ്രദേശത്ത് 5 ഏക്കർ സ്ഥലം എന്നത് 5 ഹെക്ടർ എങ്കിലുമാക്കി മാറ്റണം. 10 എ(1)- അനുസരിച്ച് വിജ്ഞാപനം ചെയ്യപ്പെട്ട ഭൂപ്രദേശം സംബന്ധിച്ച് തർക്കമുണ്ടെങ്കിൽ അതിന്റെ തീർപ്പിനായി മുഖ്യ വനപാലകന് അപേക്ഷ നൽകുകയും അത് 10(ബി) അനുസരിച്ച് കോൺസ്റ്റിറ്റ്യൂട്ട് ചെയ്ത കമ്മിറ്റിക്ക് റഫർ ചെയ്യുകയും ചെയ്യണം. അവ

ലോക്കൽ ഇൻസ്പെക്ഷൻ നടത്താൻ ഉദ്യോഗസ്ഥരെ നിയോഗിച്ചാൽ അത് ഓഫീസുകളിലെ ദൈനംദിന ജോലികൾക്ക് തടസ്സമാകും. കമ്മിറ്റി പരിശോധിച്ച് ഗവൺമെന്റിലേയ്ക്ക് അയച്ച് തീരുമാനമെടുക്കണം. നിലവിലുള്ള നിയമത്തിലെ 10-ാം വകുപ്പനുസരിച്ച് ട്രൈബ്യൂണലിന്റെ മുമ്പിലുള്ള കേസ് കമ്മിറ്റി പരിശോധിച്ച് ട്രൈബ്യൂണലിന്റെ വിധിക്കുശേഷ മാണ് നിയമം വരുന്നതെങ്കിൽ അപേക്ഷ കൊടുക്കാനുള്ള അവകാശം നിഷേധിക്കപ്പെടുന്നു. ഇക്കാര്യം സബ്ജക്ട് കമ്മിറ്റിയിൽ ചർച്ചചെയ്ത് പരിഹാരമുണ്ടാകണം. ധനകാര്യ മെമ്മോറാണ്ടത്തിൽ റെക്കറിംഗ് എക്സ്പെൻഡിച്ചറും നോൺ റെക്കറിംഗ് എക്സ്പെൻഡിച്ചറും കൃത്യമായി പറഞ്ഞിട്ടില്ല. കേസ് നടത്തിപ്പിനും മറ്റും പണം ആവശ്യമായി വരും. അഞ്ച് ഏക്കറിന് താഴെ ഭൂമിയുള്ളവർക്ക് ഭൂമി കൈമാറുകയും കൃഷി ചെയ്യാൻ അനുവാദം നൽകുകയും ചെയ്യണം. അപ്രായോഗികമായ പല വ്യവസ്ഥകളും ബില്ലിലുണ്ട്. ഒരാൾക്ക് അഞ്ച് ഏക്കറും പത്ത് സെന്റും ഭൂമി യുണ്ടെങ്കിൽ അത് മുഴുവനും എടുക്കുന്ന സ്ഥിതി ഒഴിവാക്കി അഞ്ച് ഏക്കർ ഭൂമി കൊടുത്തിട്ട് ബാക്കിയുള്ള പത്ത് സെന്റ് ഭൂമി എടുക്കണം. അത്തരത്തി ലൊരു ഭേദഗതി കൊണ്ടുവരണം. അല്ലാതെ ഈ നിയമം ഇതേ രൂപത്തിൽ പാസ്സാക്കിയാൽ മലയോര കൃഷിക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കുകയില്ല.

ശ്രീ. എം. ചന്ദ്രൻ: 2009-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപര മായി ദുർബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ഭേദഗതി ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-12-2009 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

വനമേഖലയിൽ താമസിക്കുന്നവർ അനുഭവിക്കുന്ന പ്രയാസങ്ങൾക്ക് പരിഹാരം കണ്ടെത്താൻ ഇത്തരത്തിലൊരു ബിൽ കൊണ്ടുവന്നത് സ്വാഗതാർഹമാണ്. അഞ്ച് ഏക്കറിൽ താഴെ ഭൂമിയുള്ള കൃഷിക്കാർ വീട് വച്ച് വീടിന്റെ പരിസരത്ത് കൃഷി ചെയ്ത് ഉപജീവനം നടത്തുന്നവരാണ്. അവരുടെ കാര്യങ്ങൾക്ക് തന്നെയാണ് കൂടുതൽ പ്രസക്തി കൊടുക്കേണ്ടത്. നേരെമറിച്ച് ഏക്കറിൽ വർദ്ധനവ് വരുത്തിയാൽ അത് മറ്റ് ദുർവ്യാഖ്യാനങ്ങൾക്ക് ഇടവരുത്തുമെന്നുള്ള കാര്യത്തിൽ തർക്കമില്ല. സംസ്ഥാനത്തെ വനഭൂമി സംരക്ഷിക്കണം. വനം വകുപ്പ് വനത്തിന് സമീപമുള്ള കൃഷിക്കാരുടെ ഭൂമി പരിസ്ഥിതി ദുർബല പ്രദേശമായി പ്രഖ്യാപിച്ചതിന്റെ ഫലമായി കർഷകർ അനുഭവിക്കുന്ന ദുരിതത്തിന് പരിഹാരം കാണണം. ഏതെങ്കിലും ഭൂപ്രദേശമോ അതിന്റെ ഭാഗമോ പരിസ്ഥിതി ദുർബല പ്രദേശമായി പ്രഖ്യാപിക്കുന്നത് വ്യക്തമായ മാനദണ്ഡ ങ്ങളുടെ അടിസ്ഥാനത്തിലായിരിക്കണം. പരിസ്ഥിതി ദുർബല പ്രദേശമായി പ്രഖ്യാപിച്ച പ്രദേശങ്ങളിലും വനത്തിനോട് അടുത്തുകിടക്കുന്ന പ്രദേശ ങ്ങളിലും താമസിക്കുന്നവർക്ക് അടിസ്ഥാന സൗകര്യങ്ങളും ആധുനിക ശാസ്ത്ര സാങ്കേതികവിദ്യയുടെ നേട്ടങ്ങളും ലഭിക്കാനുതകുന്ന വിധത്തിലുള്ള സംവിധാനമുണ്ടാക്കേണ്ടതുണ്ട്. ആഗോള താപനത്തിന്റെ ഈ കാലഘട്ട ത്തിൽ ശേഷിക്കുന്ന വനവും വംശനാശ ഭീഷണി നേരിടുന്ന ജീവികളെ സംരക്ഷിക്കാൻ നടപടിയുണ്ടാകണം. വനം മാഫിയകൾക്കെതിരെ ശക്തമായ നടപടിയെടുക്കണം. തർക്ക ഭൂമി സംബന്ധിച്ച് ചീഫ് കൺസർവേറ്റർക്ക് പരാതി കൊടുത്താൽ ഇത്ര മാസത്തിനുള്ളിൽ പരിശോധന നടത്തി ട്രൈബ്യൂണലിന് സമർപ്പിക്കണമെന്നോ അല്ലെങ്കിൽ അവകാശ തർക്ക പരിഹാര കമ്മിറ്റിക്ക് സമർപ്പിക്കണമെന്നോ ഉള്ള ഒരു ഭേദഗതി ബില്ലിൽ

കൊണ്ടുവരണം. പഞ്ചായത്ത് പ്രസിഡന്റ്, കൃഷി ഓഫീസർ, റവന്യൂ ഡിവിഷണൽ ഓഫീസറുടെ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥർ എന്നിവരുൾപ്പെട്ടിട്ടുള്ളതിനാൽ അവകാശ തർക്ക പരിഹാര സമിതി ഗുണം ചെയ്യുന്നതാണ്.

ശ്രീ. കെ. ബാബു: 2009-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ഭേദഗതി ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. അവകാശ തർക്ക പരിഹാര സമിതിയിൽ ആ പ്രദേശത്തെ എം.എൽ.എ.യെക്കൂടി ഉൾപ്പെടുത്തണം. തർക്കഭൂമി സംബന്ധിച്ച് പരാതി നൽകിയാൽ തീരുമാനമെടുക്കുന്നതിന് സമയപരിധി നിശ്ചയിക്കണം. ഇതിന് ഇപ്പോൾ ഭേദഗതി കൊണ്ടുവരാൻ സാധ്യമല്ലെങ്കിൽ റൂൾസിന് രൂപം നൽകുമ്പോൾ ഇക്കാര്യം പരിശോധിക്കണം. ബില്ലിലെ വ്യവസ്ഥകൾ കൃഷിക്കാർക്ക് പ്രയോജനപ്പെടുന്നതായിരിക്കണം.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): കേരളത്തിലെ കൃഷിക്കാരുടെ താല്പര്യം സംരക്ഷിക്കുന്നതിനാണ് ഈ ഭേദഗതി ബിൽ കൊണ്ടുവന്നത്. 1971-ലെ വെസ്റ്റഡ് ഫോറസ്റ്റ് ആക്ട് നിലവിൽ വന്നതോടുകൂടി ഏറ്റെടുത്ത 190,000 ഹെക്ടർ വനഭൂമിയിൽ അനവധി ഏക്കർ ഭൂപ്രമാണിമാർക്കും ജന്മിമാർക്കും തിരിച്ചുകൊടുക്കേണ്ടി വന്ന സാഹചര്യത്തിലാണ് ഗവൺമെന്റ് ഈ ഓർഡിനൻസ് കൊണ്ടുവന്നത്. വളരെ പാവപ്പെട്ട കൃഷിക്കാരുടെ ഭൂമിവരെ പരിശോധിക്കാതെ നോട്ടിഫൈ ചെയ്തുപോയി. ഇ.എഫ്.എൽ ആക്ട് പ്രകാരം 988 ബിറ്റുകളായി 13343.8353 ഹെക്ടർ ഭൂമിയാണ് ഗവൺമെന്റിൽ നിക്ഷിപ്തമായിരിക്കുന്നത്.

അഞ്ചേക്കറിൽ താഴെയുള്ള ബിറ്റുകളുടെ എണ്ണം 442 ഉം 19 (3) (ബി) പ്രകാരമുള്ള ആക്ടിൽ കസ്റ്റോഡിയനു മുമ്പാകെ എത്തിയിട്ടുള്ള അപേക്ഷകളുടെ എണ്ണം 205-ഉം ട്രിബ്യൂണലുകൾക്ക് ലഭിച്ച അപേക്ഷകളുടെ എണ്ണം 83-ഉം ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്ന കേസ്സുകളുടെ എണ്ണം 102-ഉം ആണ്. അഞ്ച് ഏക്കർ വരെയുള്ള പ്രദേശങ്ങളെ പരിസ്ഥിതി ദുർബ്ബല പ്രദേശത്തിന്റെ നിർവ്വചനത്തിൽ നിന്നും ഒഴിവാക്കുന്നതിന് വേണ്ടിയാണ് നിയമനിർമ്മാണം നടത്തുന്നത്. പാവപ്പെട്ട കൃഷിക്കാർക്ക് വേണ്ടി പുതുതായി grievance സെൽ രൂപീകരിക്കണമെന്നുള്ള നിർദ്ദേശവും ഉയർന്നു വന്നിട്ടുണ്ട്. ഈ ബില്ലിനെ സംബന്ധിച്ച് ഉയർന്നുവന്ന വിമർശനങ്ങളും നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സബ്ജക്ട് കമ്മിറ്റിയുടെ ചർച്ചയിലും റൂൾസിന്റെ നിർമ്മാണ ഘട്ടത്തിലും പരിഗണിക്കുന്നതാണ്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിരാകരണപ്രമേയം സഭ നിരാകരിച്ചു.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

2009-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ഭേദഗതി ബിൽ ഭൂനികുതിയും വനവും മത്സ്യബന്ധനവും സംബന്ധിച്ച II -ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2009-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ താൽക്കാലിക നിർത്തിവയ്ക്കൽ(ഭേദഗതി) ബിൽ

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2009-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ താൽക്കാലിക നിർത്തിവയ്ക്കൽ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ടി.എൻ. പ്രതാപൻ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. സർക്കാരിന്റെ കൈവശമുള്ള മിച്ചഭൂമി സർക്കാരിന്റെ പൊതു ആവശ്യത്തിനുവേണ്ടി ഉപയോഗിക്കണമെന്ന കോടതി വിധി മറികടന്നുകൊണ്ട് അമ്പായത്തോടിലെ കുടിയേറ്റക്കാരെ കുടിയിറക്കുന്നത് രണ്ടു വർഷത്തേയ്ക്കു കൂടി നിർത്തിവയ്ക്കുന്നതിന് വേണ്ടി കൊണ്ടു വന്നിരിക്കുന്ന ഈ ബിൽ സാമൂഹ്യനീതിയോടുള്ള നിഷേധമാണ്. രണ്ടു വർഷംകൊണ്ട് അർഹതപ്പെട്ടവർക്ക് മിച്ചഭൂമി പതിച്ചു നൽകാൻ ഈ ഗവൺമെന്റിന് കഴിയുമെന്ന് തോന്നുന്നില്ല. അനധികൃത കുടിയേറ്റക്കാർക്ക് സംരക്ഷണം കൊടുക്കുന്നതിനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. ഗവൺമെന്റ് ഭൂമി ഗവൺമെന്റിൽ നിലനിർത്താനും മിച്ചഭൂമി അർഹരായ ആളുകൾക്ക് പതിച്ചു കൊടുക്കാനും അനധികൃത കയ്യേറ്റക്കാരെ ഒഴിപ്പിക്കാനും ആവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. തോമസ് ഉണ്ണിയാടൻ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഈ ബിൽ സാമൂഹ്യനീതിയോടുള്ള ലംഘനമാണ്. ഹൈക്കോടതി വിധിപോലും

അംഗീകരിക്കാതെ കയ്യേറ്റക്കാരെ പ്രോൽസാഹിപ്പിക്കുന്ന സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അമ്പായത്തോടിലെ കുടിയേറ്റക്കാരെ കുടിയിറക്കുന്നത് രണ്ടു വർഷത്തേയ്ക്ക് നിർത്തിവയ്ക്കുന്നതിന് നിയമം കൊണ്ടുവരാൻ ശ്രമിക്കുന്ന ഈ ഗവൺമെന്റ് ചെങ്ങറയിലെ കയ്യേറ്റക്കാരെ അവഗണിക്കുന്നത് ശരിയല്ല. മിച്ചഭൂമി ഭൂരഹിതരായ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്നവർക്കും പതിച്ചു നൽകാനാവശ്യമായ നടപടി സ്വീകരിക്കണം. പൊതുമുതൽ അനാഥമായിക്കൊണ്ടിരിക്കുന്ന അവസ്ഥയ്ക്ക് മാറ്റം വരണം. റീ സർവ്വെ സംബന്ധിച്ച അവ്യക്തതയ്ക്ക് പരിഹാരം കണ്ടെത്തണം.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2009-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ താൽക്കാലിക നിർത്തിവയ്ക്കൽ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഈ ബിൽ സാമൂഹ്യനീതിയോടുള്ള നിഷേധമാണ്. ലാന്റ് റിഫോംസ് ആക്ടനുസരിച്ച് മലബാർ റബ്ബർ ഉൽപാദക കമ്പനിയിൽ നിന്നും ഗവൺമെന്റ് ഏറ്റെടുത്ത 126 ഏക്കർ ഭൂമിയിൽ കേന്ദ്രം റിസർവ്വ് പോലീസ് സേനയുടെ ഒരു പരിശീലന സമുച്ചയം സ്ഥാപിക്കുന്നതിനായി അനുവദിച്ച 98.50 ഏക്കർ ഭൂമിയിലെ കുടിയേറ്റക്കാരെ കുടിയിറക്കുന്നത് രണ്ട് വർഷത്തേയ്ക്ക് കൂടി നിർത്തിവയ്ക്കുന്നതിനുവേണ്ടി കൊണ്ടുവന്ന ഈ ബിൽ പാസ്സാക്കിയതു കൊണ്ട് ഗവൺമെന്റ് ഉദ്ദേശിക്കുന്ന പ്രയോജനം ഉണ്ടാകാൻ പോകുന്നില്ല; കോടതിവിധി മറികടക്കാൻ വേണ്ടി മാത്രം ഒരു ബിൽ പാസ്സാക്കിയാൽ അത് നിലനിൽക്കുകയില്ല. ലാന്റ് റിഫോംസ് ആക്ടിന്റെ അടിസ്ഥാനത്തിൽ

ഏറ്റെടുത്ത ഭൂമി കയ്യേറ്റക്കാർക്കുവേണ്ടി വിതരണം ചെയ്യാൻ തീരുമാനിക്കുന്നത് ക്രമസമാധാനം തകർക്കാനും വ്യവസ്ഥാപിതമായ മാർഗ്ഗങ്ങളെ അട്ടിമറിക്കാനും ആളുകളിൽ ക്രിമിനൽ സ്വഭാവം വളർത്താനും മാത്രമേ പര്യാപ്തമാകുകയുള്ളു. ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയിൽ പറയുന്നത്. സർക്കാരിന് പൊതുആവശ്യത്തിന് ആവശ്യമില്ലെങ്കിൽ കേരള ഭൂ-പരിഷ്ക്കരണ നിയമമനുസരിച്ചും അല്ലെങ്കിൽ ലാന്റ് അസൈൻമെന്റ് ആക്ട് അനുസരിച്ചും പതിച്ചുനൽകണമെന്നാണ്. അർഹരായവർക്ക് വ്യവസ്ഥാപിതമായ മാർഗ്ഗത്തിൽക്കൂടി ഭൂമി വിതരണം ചെയ്യാനുള്ള നടപടി സർക്കാർ സ്വീകരിക്കണം.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2009-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ താൽക്കാലിക നിർത്തിവയ്ക്കൽ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഭൂരഹിതർക്ക് മിച്ചഭൂമി പതിച്ചുകൊടുക്കാനുള്ള നടപടികളാണ് ഈ ഗവണ്മെന്റ് സ്വീകരിക്കുന്നത്. ചെങ്ങറയിൽ സ്വന്തമായി ഭൂമിയില്ലാത്ത കുടിയേറ്റക്കാർക്ക് പത്തോ പതിനഞ്ചോ സെന്റ് ഭൂമി കൊടുക്കുന്നതിനോട് ഗവണ്മെന്റിന് യോജിപ്പാണുള്ളത്. അമ്പായത്തോട്ടിലെ 861 കുടുംബങ്ങൾക്ക് പട്ടയം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം. അനധികൃത കയ്യേറ്റങ്ങൾ തടയുന്നതിന് ശക്തമായ നിലപാട് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പതിനായിരത്തിലധികം ഭൂരഹിതർക്ക് ഭൂമി കൊടുത്തിട്ടുണ്ട്. ഭൂമി അളന്ന് തിട്ടപ്പെടുത്തിക്കൊടുക്കാനുള്ള കാലതാമസം കണക്കിലെടുത്ത് നിലവിലുള്ള 2 കൊല്ലക്കാലത്തെ

ഒഴിപ്പിക്കൽ നടപടി നിർത്തിവയ്ക്കൽ 4 വർഷത്തേയ്ക്ക് നീട്ടാൻ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): ഭൂരഹിതരായ പാവപ്പെട്ട തൊഴിലാളികൾക്ക് ഭൂമി നൽകുന്നതിന് 1963-ലെ കേരള ഭൂപരിഷ്ക്കരണ നിയമത്തിലെ 96-ാം വകുപ്പിന്റെ കീഴിൽ ഭൂമി പതിച്ചുകിട്ടാൻ അർഹതയുള്ള പാവപ്പെട്ടവർക്ക് അത് ലഭ്യമാക്കുന്നതിനു വേണ്ടി മുൻ എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും ജനപ്രതിനിധികളുമായും ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിലാണ് 26-07-2007-ൽ ബിൽ പാസ്സാക്കിയത്. സ്ഥലം ഉടമ ഹൈക്കോടതിയെ സമീപിച്ചതിനാൽ കോടതി ആക്ട് റദ്ദ് ചെയ്തു. എന്നാൽ ഗവൺമെന്റ് സുപ്രീംകോടതിയിൽ അപ്പീലിന് പോവുകയും സുപ്രീം കോടതി ഹൈക്കോടതി വിധി സ്റ്റേ ചെയ്യുകയും ചെയ്തു. നേരത്തെ നിശ്ചയിച്ച കാലാവധി 25-7-2009-ന് അവസാനിച്ചതിനാൽ അന്നുതന്നെ ഒരു വർഷം കൂടി കാലാവധി നീട്ടിക്കൊണ്ട് ഓർഡിനൻസ് പുറപ്പെടുവിച്ചു. ഭൂരഹിതരായ പതിനായിരത്തോളം പേരുടെ അപേക്ഷകൾ പരിശോധിച്ച് ഒരു സെന്റുപോലും ഭൂമിയില്ലാത്ത 950 പേരെ കണ്ടെത്തിയിട്ടുണ്ട്. ഈ നിയമം പാസ്സാക്കിക്കഴിഞ്ഞാൽ സുപ്രീംകോടതിയുടെ അനുമതിയോടെ രണ്ടുമാസത്തിനുള്ളിൽ ഭൂമി പതിച്ചുനൽകാൻ സാധിക്കും. ചെങ്ങറ സമരം പരിഹരിക്കാനുള്ള നടപടികളുമായി മുന്നോട്ടുപോകുകയാണ്. കേരളപ്പിറവി ദിനമായ നവംബർ 1-ന് പ്രതിപക്ഷനേതാവിനേയും മുഖ്യമന്ത്രിയേയും പങ്കെടുപ്പിച്ചുകൊണ്ട് തിരുവനന്തപുരം ജില്ലയിൽവച്ച് സംസ്ഥാനതല പട്ടയമേള

ഉദ്ഘാടനം ചെയ്യാൻ തീരുമാനിച്ചിരിക്കുകയാണ്. കോവളം മണ്ഡലത്തിലാണ് ഏറ്റവും കൂടുതൽ പേർക്ക് പട്ടയം കിട്ടാൻ പോകുന്നത്. എല്ലാ സംസ്ഥാന ഗവൺമെന്റുകളും ആദിവാസി ഭൂമി വിതരണ കാര്യത്തിൽ വേഗതകൂട്ടണമെന്നും ഈ വർഷംതന്നെ ഭൂമി വിതരണം ത്വരിതപ്പെടുത്തണമെന്നുമുള്ള പ്രധാനമന്ത്രിയുടെ കത്തിലെ നിർദ്ദേശമനുസരിച്ച് കഴിഞ്ഞ ദിവസം മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ മീറ്റിംഗ് കൂടുകയുണ്ടായി. ഡിസംബർ 31-നുള്ളിൽ ഭൂമിവിതരണ നടപടി ത്വരിതപ്പെടുത്താനായി ആഴ്ചയിൽ ഒരു ദിവസം ലാന്റ് റവന്യൂ കമ്മീഷണർതന്നെ എല്ലാ ജില്ലാതല ഉദ്യോഗസ്ഥരുമായി ചർച്ചയും വീഡിയോ കോൺഫറൻസിംഗും നിരന്തരമായ ഇടപെടലുകളും നടത്തുന്നുണ്ട്. അമ്പായത്തോടിലെ ഭൂമിയുമായി ബന്ധപ്പെട്ട പ്രശ്നവും മറ്റ് സ്ഥലങ്ങളിലുള്ള ഭൂമി പ്രശ്നവും പരിഹരിക്കാനുള്ള നടപടികളിൽ എല്ലാവരുടേയും പിന്തുണയും സഹകരണവും ഉണ്ടാകണം. ബിൽ ഏകകണ്഻ഠമായി പാസ്സാക്കിത്തരണമെന്നഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

<u>2-ാം വകുപ്പ്</u>

110, 115 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>1-ാം വകുപ്പും പീഠികയും പേരും</u>

106-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : 2009-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ താൽക്കാലിക നിർത്തിവയ്ക്കൽ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2009-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ താൽക്കാലിക നിർത്തിവയ്ക്കൽ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം 13-നെതിരെ 43 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

സഭ വൈകുന്നരം 4.20-ന് പിരിഞ്ഞു.

...............................